

ദിവ്യ ഷിബു
പ്രസിഡണ്ട്

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം 2025 – 26

# അന്തിമ പദ്ധതി രേഖ



ഫസൽ കൊടിയത്തൂർ
വൈസ് പ്രസിഡണ്ട്

## ആമുഖം

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു: സ്വയം പര്യാപ്തമായ ഗ്രാമങ്ങളുടെ കൂട്ടമാണ് ഞാൻ സ്വപ്നം കണ്ട ഇന്ത്യ. മഹാത്മ ഗാന്ധിയുടെ ഈ സ്വപ്നമാവട്ടെ നമ്മുടെയും സ്വപ്നം. അത് കൊണ്ട് തന്നെ സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ അവരുടെ വികസനവും അവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്നതാണ് 2025 – 26 ലെ ജനകീയാസൂത്രണ പദ്ധതി രേഖ.

ഈ പദ്ധതി രേഖ സസന്തോഷം സവിനയം സഭയ്ക്ക് മുമ്പിൽ അവതരിപ്പിക്കുന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

അതിദരിദ്രർ, ദരിദ്രർ, ആദിവാസി ദളിത് പിന്നാക്ക വിഭാഗക്കാർ തുടങ്ങിയ അടിസ്ഥാനവർഗങ്ങളുടെ ക്ഷേമം മുന്നിൽകണ്ട പദ്ധതികൾ, ,കാർഷിക ക്ഷീര ചെറുകിട വ്യവസായ മേഖലകളുടെ വളർച്ചയ്ക്കുള്ള നൂതന പരിപാടികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വനിതകൾ അടക്കമുള്ള അഭ്യസ്തവിദ്യർക്ക്മത്സര പരീക്ഷകൾക്ക് സാങ്കേതികവും നിലനിൽക്കുന്നതും തുടർച്ചയായുള്ളതുമായ പിന്തുണ നൽകാൻ ആവശ്യമായ പരിപാടികൾ, ,കലാക്ഷേത്രം സ്പോർട്സ് അക്കാദമി സെൻറർ ,ഭിന്നശേഷി സൗഹൃദ കെട്ടിടം, പാലിയേറ്റീവ് സംവിധാനത്തെ ആധുനികരിക്കൽ എന്നിവ പുതിയ പദ്ധതികളായി വരുന്നു .പദ്ധതികൾ എല്ലാം ആസൂത്രണം ചെയ്യുമ്പോഴും പശ്ചാത്തല സൗകര്യം വികസനത്തിനും നടപ്പിലാക്കി കൊണ്ടിരിക്കുന്ന മറ്റുനിരവധി പദ്ധതികളുടെയും തുടർച്ചയുംവളർച്ചയും ഉറപ്പാക്കികൊണ്ടാണ് നവീനമായ എല്ലാ പരിപാടികളുടെയും നിർവഹണം . പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും മോണിറ്ററിങ്ങിലും എല്ലാവരുടെയുംസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് .

*സ്നേഹത്തോടെ*

*ദിവ്യ ഷിബു*
പ്രസിഡണ്ട്
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

*ഫസൽ കൊടിയത്തൂർ*
വൈസ് പ്രസിഡണ്ട്
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

# ഭരണസമിതി മെമ്പർമാർ



**ദിവ്യ ഷിബു**
പ്രസിഡണ്ട്



**ഫസൽ കൊടിയത്തൂർ**
വൈസ് പ്രസിഡണ്ട്

വാർഡ് 11



**ആയിഷ ചേലോത്ത്**
(വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ)

വാർഡ് 10



**മറിയം കുട്ടിഹസ്സൻ**
(ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ)

വാർഡ് 09



**ബാബു പൊലുകുന്നത്ത്**
(ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ)



**ടി കെ ആബൂബക്കർ**
വാർഡ് 01



**ഷംലൂലത്ത്**
വാർഡ് 02



**യുപി മമ്മദ്**
വാർഡ് 03



**കോമളം തോണിച്ചാലിൽ**
വാർഡ് 04



**സിജി ബൈജു**
വാർഡ് 05



**അബ്ദുൽ കരീം പഴങ്കൽ**
വാർഡ് 07



**രതീഷ് കെ**
വാർഡ് 08



**അബ്ദുൽ മജീദ് കെ**
വാർഡ് 12



**എം.ടി റിയാസ്**
വാർഡ് 13



**കെ.ജി സീനത്ത്**
വാർഡ് 14




**ഫാത്തിമ പി**
വാർഡ് 15



**ആബിദ**
സെക്രട്ടറി

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്
## ഭൂപടം




ഇരുവഴിഞ്ഞിപ്പുഴ

01 കൊടിയത്തൂർ
02 കാരക്കുറ്റി
03 മാട്ടുമുറി
04 ഗോതമ്പറോഡ്
05 തോട്ടുമുക്കം
06 പള്ളിത്താഴെ
07 പുതിയനിടം
08 എരഞ്ഞിമാവ്
09 പന്നിക്കോട്
10 പഴംപറമ്പ്
11 പൊറ്റമ്മൽ
12 ചെറുവാടി
13 ചുള്ളിക്കാപറമ്പ്(വെസ്റ്റ്)
14 ചുള്ളിക്കാപറമ്പ് (ഈസ്റ്റ്)
15 കണ്ണാംപറമ്പ്
16 സൗത്ത് കൊടിയത്തൂർ

റോഡ് – – – – – – –

പുഴ ————

തോത് - **1: 50,000**

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| വില്ലേജ് | : | കൊടിയത്തൂർ |
| താലൂക്ക് | : | കോഴിക്കോട് |
| ബ്ലോക്ക് | : | കുന്ദമംഗലം |
| റവന്യു ജില്ല | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | തിരുവമ്പാടി |
| പാർലമെന്റ് മണ്ഡലം | : | വയനാട് |
| ആകെ വാർഡുകളുടെ എണ്ണം | : | 16 |
| വിസ്തീർണ്ണം | : | 29.81 ച.കി.മി |

| | | | | |
|---|---|---|---|---|
| **അതിരുകൾ** | : | വടക്ക് | : | കക്കാട് തോട് (കാരശ്ശേരി ഗ്രാമപഞ്ചായത്ത്) |
| | | കിഴക്ക് | : | ചെറുപുഴ (ഊർങ്ങാട്ടീരി ഗ്രാമപഞ്ചായത്ത്) |
| | | തെക്ക് | : | കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്, ചാലിയാർ (വാഴക്കാട് ഗ്രാമപഞ്ചായത്ത്) |
| | | പടിഞ്ഞാറ് | : | ഇരുവഴിഞ്ഞി പുഴ (മുക്കം,ചാത്തമംഗലം ഗ്രാമപഞ്ചായത്തുകൾ) |

| 2011 സെൻസസ് | | |
|---|---|---|
| ജനസംഖ്യ | : | 29816 |
| പുരുഷൻമാർ | : | 14725 |
| സ്ത്രീകൾ | : | 15091 |
| പട്ടികജാതി ജനസംഖ്യ | : | 2513 |
| പുരുഷൻമാർ | : | 1267 |
| സ്ത്രീകൾ | : | 1246 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 26 |
| പുരുഷൻമാർ | : | 11 |
| സ്ത്രീകൾ | : | 15 |

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

## സ്റ്റിയറിങ് കമ്മിറ്റി

**ദിവ്യ ഷിബു**
പ്രസിഡണ്ട്

**ഫസൽ കൊടിയത്തൂർ**
വൈസ് പ്രസിഡണ്ട് ചെയർമാൻ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

**ആയിഷ ചേലപ്പുറത്ത്**
ചെയർപേഴ്സൺ വികസന സ്റ്റാൻഡിങ് കമ്മിറ്റി

**ബാബു പൊലുക്കുന്നത്ത്**
ചെയർമാൻ ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി

**മറിയം കുട്ടിഹസ്സൻ**
ചെയർപേഴ്സൺ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിങ് കമ്മിറ്റി

**ആബിദ ടി**
സെക്രട്ടറി

## ആസൂത്രണ സമിതി

| | | |
|---|---|---|
| ദിവ്യ ഷിബു( പ്രസിഡണ്ട് | അധ്യക്ഷൻ | 6282307439 |
| കെ പി അബ്ദുറഹിമാൻ (വിദഗ്ദ അംഗം) | ഉപ. അധ്യക്ഷൻ | 9495800889 |
| ആബിദ ടി (സെക്രട്ടറി) | കൺവീനർ | 8281434544 |
| ഫസൽ കൊടിയത്തൂർ (വൈ.പ്രസിഡണ്ട്) | അംഗം | 9895618499 |
| ആയിഷ ചേലപ്പുറം (ചെയർ പേഴ്സൺ വികസനം) | അംഗം | 9747210410 |
| ബാബു പൊലുകുന്നത്ത് (ചെയർമാൻ, ക്ഷേമം) | അംഗം | 9495090378 |
| മറിയം കുട്ടിഹസ്സൻ (ചെയർ പേഴ്സൺ ആരോഗ്യം, വിദ്യാഭ്യാസം) | അംഗം | 9539183862 |
| എം.ടി റിയാസ് (മെമ്പർ) | സന്നദ്ധ സേവകൻ | 9846263283 |
| സിജി കുറ്റികൊമ്പിൽ (മെമ്പർ) | സന്നദ്ധ സേവകൻ | 9446392780 |
| സുജ ടോം | സന്നദ്ധ സേവകൻ | 9400476000 |
| കെ പി സുബ്രഹ്മണ്യൻ | സന്നദ്ധ സേവകൻ | 9645451977 |
| എൻ കെ അശ്റഫ് | സന്നദ്ധ സേവകൻ | 9745013484 |
| കെ ടി മൻസൂർ | സന്നദ്ധ സേവകൻ | 9545209275 |
| ഷംസുദ്ദീൻ ചെറുവാടി | സന്നദ്ധ സേവകൻ | 9495365450 |
| മജീദ് പുതുക്കുടി | സന്നദ്ധ സേവകൻ | 9645120525 |

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

## ഭരണ സമിതി അംഗങ്ങൾ 2020 – 2025

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | ഔദ്യോഗിക സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| 6 | പള്ളിത്താഴെ | ദിവ്യാ ഷിബു | പ്രസിഡണ്ട് | 6280907439 |
| 16 | സൗത്ത് കൊടിയത്തൂർ | ഫസൽ റഹ്മാൻ | വൈസ് പ്രസിഡണ്ട് | 9895618433 |
| 11 | പൊറ്റമ്മൽ | ആയിഷ ചേല പുറത്ത് | ചെയർപേഴ്സൺ<br>വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി | 9747210410 |
| 9 | പന്നിക്കോട് | ബാബു പൊലുകുന്നത്ത് | ചെയർമാൻ<br>ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി | 9495090378 |
| 10 | പഴംപറമ്പ് | മറിയം കുട്ടിഹസ്സൻ | ചെയർപേഴ്സൺ<br>ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി | 9539183862 |
| 1 | കൊടിയത്തൂർ | ടി കെ അബൂബക്കർ മാസ്റ്റർ | മെമ്പർ | 9746201788 |
| 2 | കാരക്കുറ്റി | ഷംലൂലത്ത് | മെമ്പർ | 8129918027 |
| 3 | മാട്ടുമുറി | യുപി മമ്മദ് | മെമ്പർ | 9846106034 |
| 4 | ഗോതമ്പറോഡ് | കോമളം തോണിച്ചാലിൽ | മെമ്പർ | 9188864726 |
| 5 | തോട്ടുമുക്കം | സിജി കുറ്റിക്കൊമ്പിൽ | മെമ്പർ | 9446392780 |
| 7 | പുതിയനിടം | കരിം പഴങ്കൽ | മെമ്പർ | 9048928434 |
| 8 | എരഞ്ഞിമാവ് | രതീഷ് കെ | മെമ്പർ | 8086783578 |
| 12 | ചെറുവാടി | അബ്ദുൽ മജീദ് കെ | മെമ്പർ | 9526309350 |
| 13 | ചുള്ളിക്കാപറമ്പ് വെസ്റ്റ് | എം ടി റിയാസ് | മെമ്പർ | 9846263283 |
| 14 | ചുള്ളിക്കാപറമ്പ് ഈസ്റ്റ് | കെജി സീനത്ത് | മെമ്പർ | 9745129394 |
| 15 | കണ്ണാംപറമ്പ് | ഫാത്തിമ പി | മെമ്പർ | 8086350173 |

## പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ

| | |
|---|---|
| **പാർലമെന്റ് മെമ്പർ** | : **ശ്രീമതി. പ്രിയങ്ക ഗാന്ധി എം.പി** |
| **അസംബ്ലി** | : **ശ്രീ. ലിന്റോ ജോസഫ് എം.എൽ. എ** |
| **ജില്ലാ പഞ്ചായത്ത് മെമ്പർ** | : **ശ്രീ. നാസർ എസ്റ്റേറ്റ് മുക്ക്** |
| | : **ശ്രീമതി. ജമീല വി പി** |
| **ബ്ലോക്ക് പഞ്ചായത്ത് മെമ്പർ** | : **ശ്രീമതി. നദീറ എം കെ** |
| | : **ശ്രീ. അഡ്വ. സുഫിയാൻ** |
| | : **ശ്രീമതി. കെ പി സുഹറ വെള്ളങ്ങോട്ട്** |

# വിവിധ കർമ്മസമിതികൾ

**പൊതുഭരണവും ധനകാര്യവും**

ചെയർമാൻ : ഫസൽ കൊടിയത്തൂർ

കൺവീനർ : ആബിദ (സെക്രട്ടറി )

**മൃഗസംരക്ഷണവും ക്ഷീര വികസനവും**

ചെയർമാൻ : ആയിഷ ചേലമ്പുറത്ത്

കൺവീനർ : നബീൽ മുഹമ്മദ് വെറ്റിനറി

**പൊതുമരാമത്ത് ഊർജ്ജം വൈദ്യുതി ഉൾപ്പെടെ**

ചെയർമാൻ : ടി കെ അബൂബക്കർ മാസ്റ്റർ

കൺവീനർ : സുദേഷ്ണ

**കണക്കുകൾ രേഖകൾ തയ്യാറാക്കൽ ജനസേവനം കാര്യക്ഷമമാക്കൽ**

ഫസൽ റഹ്മാൻ : വൈസ് പ്രസിഡണ്ട്

ആബിദ : സെക്രട്ടറി കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

**കൃഷിയും അനുബന്ധരെ മേഖലകളും**

യുപി മമ്മദ് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം

രാജശ്രീ (അഗ്രി ഓഫീസർ)

നഷീദ (കൃഷി അസിസ്റ്റന്റ്)

**സാമ്പത്തിക വികസനം ചെറുകിട വ്യവസായം**

എം ടി റിയാസ് (വികസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

കോമളം തോണിച്ചാലിൽ (സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

അമൽ സാമുവൽ (വി ഇ ഒ)

**ദാരിദ്ര്യ ലഘൂകരണം**

ബാബുപൊലുക്കുന്നത്ത് (ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

അമൽ സാമുവൽ വി ഇ ഒ

**സാമൂഹ്യ ക്ഷേമം (വ്യദ്ധർ ശാരീരിക മാനസിക നേരിടുന്ന ഉൾപ്പെടെ)**

ഷംലൂലത്ത് (ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

ലിസ (ഐ സി ഡി എസ് സൂപ്പർവൈസർ)

**പട്ടികജാതി വികസന പട്ടികവർഗ്ഗ വികസനം**

രതീഷ് കളകുടികുന്നത്ത് (ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

അബ്ദുൽ ഗഫൂർ (അസിസ്റ്റന്റ് സെക്രട്ടറി )

**സ്ത്രീകളുടെയും കുട്ടികളുടെയും വികസനം**

കെ ജി സീനത്ത് (ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

സിജി ബൈജു (സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

ലിസ (ഐസിഡി എസ് സുപ്രവൈസർ )

---

**ആരോഗ്യം**

മറിയംകുട്ടി ഹസ്സൻ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അംഗം)

ഡോ. ആരതി (മെഡിക്കൽ ഓഫീസർ പി എച്ച് സി )

---

**കുടിവെള്ളം ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ)**

മജീദ് രിഹ്ല (ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി അംഗം)

സുദേഷ്ണ (അസി. എൻജിനീയർ)

---

**വിദ്യാഭ്യാസം, സംസ്കാരം, കല കായിക വികസനം, യുവജനക്ഷേമം**

ഫാത്തിമ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി )

അബ്ദു റഷീദ് ജി. **HM GLPS** കാരക്കുറ്റി

---

**കാലാവസ്ഥ വ്യതിയാനം**

ദിവ്യ ഷിബു (പ്രസിഡണ്ട് )

ആബിദ ടി (സെക്രട്ടറി)

## നിർവ്വഹണ ഉദ്യോഗസ്ഥരുടെ പട്ടിക

| പേര് | പദവി | ഓഫീസ് | ഔദ്യോഗിക ഫോൺ നമ്പർ | വ്യക്തിഗത ഫോൺ നമ്പർ |
|---|---|---|---|---|
| രാജശ്രീ | കൃഷി ഓഫീസർ | പന്നിക്കോട് | 2206039 | 9539554888 |
| ഡോ. ആരതി | മെഡി.ഓഫീസർ | കുടുംബാരോഗ്യ കേന്ദ്രം, കൊടിയത്തൂർ | | 6238250415 |
| അബ്ദുൽ റഷീദ് | ഹെഡ്മാസ്റ്റർ | കാരക്കുറ്റി എൽ. പി സ്കൂൾ | | 9745669896 |
| സുദേഷ്ണ | അസി.എൻജിനീയർ. | കൊടിയത്തൂർ പഞ്ചായത്ത് ഓഫീസ് | 2209130 | 9946550793 |
| ഡോ. നബീൽ മുഹമ്മദ് | വെറ്റിനറി സർജ്ജൻ | മൃഗാശുപത്രി പന്നിക്കോട് | | 7510 390763 |
| ഡോ. ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ | ആയുർവേദ ആശുപത്രി ഗോതമ്പുറോഡ് | | 9745847009 |
| ഡോ.സന്തോഷ് | മെഡിക്കൽ ഓഫീസർ ഹോമിയോ | ഹോമിയോ ആശുപത്രി പന്നിക്കോട് | | 9447393057 |
| ആബിദ. ടി | സെക്രട്ടറി | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | | 9846698015 |
| അമൽ സാമുവൽ | VEO | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | 04952209130 | 9947898897 |
| നിസാദ് പി.എം | VEO | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | | 9400309467 |
| അബ്ദുൽ ഗഫൂർ | അസി.സെക്രട്ടറി | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | | 9847463007 |
| ശ്രീമതി.ലിസ | I.C.D.S | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | | 9745368535 |

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്
# ചരിത്ര സംഗ്രഹം

പുരാതനകാലം തൊട്ടേ ജനജീവിതം ഉണ്ടായിരുന്ന പ്രാദേശമായിരുന്നു പന്നിക്കോടും ചെറുവാടിയും.പഴംപറമ്പിൽ കണ്ടെത്തിയ മനഷ്യവാസയോഗ്യമായ ഗുഹയും പന്നിക്കോട് അങ്ങാടിക്കടുത്തും പരപ്പിൽ ഭാഗത്തും കണ്ടെത്തിയ നന്നങ്ങാടിയും സൂചിപ്പിക്കുന്ന നമ്മുടെ പൂർവ്വീകരുടെ ജീവിതത്തെ തന്നെയാണ്. പഞ്ചായത്തിൽ ഏറ്റവുമാദ്യം ജനജീവിതം ആരംഭിച്ചത് പന്നിക്കോട്ടും പരിസര പ്രദേശവുമായിരിക്കും. തൃക്കളയൂർ ക്ഷേത്രനിർമ്മാണവുമായി ബന്ധപ്പെട്ടാണ് ഇവിടം സാമൂഹ്യ ജീവിതം ആരംഭിക്കുന്നത് എന്ന് കണക്കാക്കാം. നിലമ്പൂർ വനമുൾപ്പെടെ അളവറ്റ സ്വത്തുണ്ടായിരുന്ന ക്ഷേത്രം പിന്നീട് ക്ഷയിച്ചു. ഇന്ത്യയിലാദ്യമായി ഡൈനാമിറ്റ് പരീക്ഷിച്ചത് ഒരു കലാപകാലത്ത് ബ്രിട്ടീഷ് പട്ടാളം തൃക്കളയൂർ ക്ഷേത്രമതിലിലാണ്. പന്നിക്കോടിന്റെ പടിഞ്ഞാറും ചെറുവാടിലും ഇന്നത്തെ കാരശ്ശേരി പഞ്ചായത്തിനോട് അതിരു പങ്കു വെക്കുന്ന കൊടിയത്തൂർ ഭാഗത്തും ധാരാളം മുസ്ലിംകൾ താമസിച്ചതായി സ്ഥലമാറ്റ ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. ആര്യംപറമ്പും ഗോശാല പറമ്പുമെല്ലാം സൂചിപ്പിക്കുന്നത് വരേണ്യ വർഗ്ഗമായിരുന്ന ഈ വിഭാഗത്തിന്റെ അധികാരത്തെ പറ്റിയാണ്. പിന്നീടാ വംശം കാലത്തിന്റെ പരിക്കുകളോടെ കുറ്റിയറ്റുപോയി.

പുലവായ് നാട്ടുരാജാക്കന്മാരുടെ അധീനതയിൽ ഓമശ്ശേരി (താമരശ്ശേരി) ജില്ലയുടെ പത്ത് ദേശങ്ങളിൽ ഒന്നായിരുന്നു പന്നിക്കോട്. അന്നത്തെ ലോക്കൽ ഗവൺമെന്റിന്റെ ജോലികളെല്ലാം പ്രാദേശിക നാടുവാഴികളാണ് ചെയ്തിരുന്നത്. 'സന്നദ്വവകാശം' എന്നാണ് ഈ അധികാരത്തെ പറഞ്ഞിരുന്നത്. പന്നിക്കോടിന്റെ സന്നദ്ധവകാശം പന്നിക്കോട് ചെറുവക്കാട് കുടുംബത്തിനായിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് രൂപപ്പെട്ട 'ഗൺ' റോഡുകളാണ് നമ്മുടെ ആദ്യകാല റോഡുകൾ, താമരശ്ശേരി മലപ്പുറം പാത അത്തരത്തിൽ നമ്മുടെ പഞ്ചായത്തിലുടെ കടന്നു പോകുന്നു. പിന്നീട് ബ്രിട്ടീഷ് സൈന്യം വിവിധ കാലങ്ങളിൽ പഞ്ചായത്തിനെ പകുത്ത് വഴികളിലൂടെ കടന്നു പോയി. ബ്രിട്ടീഷ് ഭരണ കാലത്ത് ചെറുവാടിയിലെ കലാപഭൂമിയിൽ അറുപത്തിനാലു പേരുടെ രക്തം ചിന്തിയ സംഭവം നമ്മുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ മായാത്ത ഒരേടാണ്. 1822-23 കാലത്ത് കോഴിക്കോട് സെക്ഷൻ കമ്മീഷണർ എച്ച്.എസ്.ഗ്രെമെ നിലവിലുണ്ടായിരുന്ന അംശ സംവിധാനങ്ങൾ പുനഃസംഘടിപ്പിച്ചു. അധികാരിയും ഒരു ഹെഡ്മാനും കണക്കെഴുതാൻ മേനോനും മൂന്ന് കോൽക്കാരെയും ക്രമീകരിച്ചത് ഇക്കാലത്താണ്. അങ്ങനെ പന്നിക്കോടംശവും കൊടിയത്തൂരംശവും രൂപപ്പെട്ടു.

പന്നിക്കോട് നിലനിന്ന ബ്രാഹ്മണ്യ അധികാരത്തിന്റെ ഭാഗമായി ക്ഷേത്രങ്ങളും അവയോടനുബന്ധിച്ച് വേദസദസ്സും ഓത്ത് ഉട്ടും എല്ലാം ചരിത്രത്തിന്റെ ഭാഗമായി മാറി. കുടിയാന്മാരും ഹരിജനങ്ങളും തൊഴിലാളി വർഗ്ഗവും കാലത്തിന്റെ പ്രയാണത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നു വന്നു. അന്നത്തെ പ്രധാന ഗതാഗതമാർഗ്ഗം പുഴകളായിരുന്നു. ചാലിയാറിലും ഇരുവഴിഞ്ഞിയിലും കടത്ത് യാത്രകൾ നടന്നു. അതുവഴി കച്ചവടങ്ങൾ നടന്നു. ആദ്യകാലത്ത് കച്ചവടങ്ങൾക്ക് എത്തിയ ഇസ്ലാം മത വിശ്വാസികൾ അവരുടെ യാത്രക്ക് സൗകര്യത്തിനായി ഇരുവഴിഞ്ഞിയുടെ കരയിൽ വാസമുറപ്പിച്ചു. പിൽക്കാലത്ത് ദൂരെ നിന്നും എത്തിച്ചേർന്ന പുരോഹിത പരമ്പരയിലെ മതപണ്ഡിതർ ഇവരെ ഏകോപിപ്പിക്കുകയും പുതിയ ഒരു സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്തു. ഇങ്ങനെ ചെറുവാടി മുതൽ കൊടിയത്തൂർ വരെ ഏകതാനമായ മതബോധത്തിലധിഷ്ഠിതമായ സാമൂഹ്യ ജീവിതം പുലർന്നു വന്നു. എങ്കിലും പിൽക്കാലത്ത് വിശിഷ്യാ കൊടിയത്തൂരിൽ പേര് സൂചിപ്പിക്കുന്ന പോലെ "കുത്താത്ത കൊടികളില്ല" മത-രാഷ്ട്രീയ സംഘടനാ രംഗങ്ങളിൽ അത്രയധികം വൈവിധ്യം ഇവിടങ്ങളിൽ നിലനിൽക്കുന്നു.

വേദം സംസ്കൃതം എന്നിങ്ങനെ വരേണ്യ പഠന സംവിധാനങ്ങൾ ചെറിയ രൂപങ്ങളിൽ പന്നിക്കോട് നിലനിന്നിരുന്നെങ്കിലും ഒരു വിദ്യാലയമെന്ന നിലയിൽ ആദ്യമായി സ്ഥാപനം തുടങ്ങുന്നത് 1914ൽ കൊടി

യത്തൂരിലാണ്. അയൽ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇന്നത്തെ ഗവ: മാപ്പിള യു.പി സ്കൂളിൽ വന്നു പഠിച്ചു. 1926ൽ പന്നിക്കോട്, കോഴിക്കോട് താലൂക്ക് ബോർഡിന്റെ കീഴിലാണ് ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിതമാകുന്നത്. ആദ്യകാലത്ത് കുട്ടികൾ കുറവായിരുന്നു. ആർക്കും പഠിക്കാൻ താൽപര്യമുണ്ടായില്ല. പ്രത്യേകിച്ച് ഹരിജൻ, മുസ്ലിം കുട്ടികൾക്ക്. മുസ്ലിം കുട്ടികളെ സ്വാധീനിക്കാൻ സ്കൂളുകളിൽ ഇസ്ലാം മത പണ്ഡിതരെ കൊണ്ട് വന്ന് പ്രഭാഷണങ്ങൾ നടത്തിയിരുന്നു.

കൊടിയത്തൂരിലെ ജുമാമസ്ജിദിന് നാനൂറിലധികം വർഷം പഴക്കമുണ്ട്. തൊട്ടടുത്ത കാരശ്ശേരി അടിതൃക്കോവിൽ ബാലരാമക്ഷേത്രം ഇതിനെക്കാൾ പുരാതനമാണ്. ഇത് രണ്ടും സൂചിപ്പിക്കുന്നത് സമ്പന്നമായ മതസാമൂഹ്യ ജീവിതം ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു എന്നതാണ്. ശൈഖ് സൈനുദ്ധീൻ രണ്ടാമന്റെ കാലത്ത് തന്നെ (മരണം 1583) ഇസ്ലാം മതം കൊടിയത്തൂരിലെത്തിയതായി അനുമാനിക്കാം. ആദ്യകാലത്ത് കൃഷിയും പിന്നീട് കൈതൊഴിലുകളും ഈ ജനപഥങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് വരുമാനങ്ങളായി. പഞ്ചായത്തിൽ ആദ്യമായി പോസ്റ്റ് ഓഫീസ് സ്ഥാപിതമാകുന്നത് പന്നിക്കോടാണ്. കൊണ്ടോട്ടിയിലെ പി.സി.സിയുടെ ഡീലറായി പഞ്ചായത്തിൽ ആദ്യമായി റേഷൻ കട തുടങ്ങുന്നതും പന്നിക്കോട്ടാണ്.

19-ാം നൂറ്റാണ്ടിലെ അവസാനത്തിലാണ് കൊടിയത്തൂർ എന്ന പേരിൽ ഒരു റവന്യൂ വില്ലേജ് സ്ഥാപിതമാകുന്നത്. കട്ടയാട്ട് ഉണ്ണിമോയിൻ കുട്ടി ഒന്നാമനായിരുന്നു കൊടിയത്തൂരിലെ അധികാരി. മുമ്പ് പന്നിക്കോട് ഭരണത്തിന് കീഴിലായിരുന്ന ചെറുവാടിയും കൊടിയത്തൂരും കക്കാടുമെല്ലാം അങ്ങനെ ഭരണപരമായി കൊടിയത്തൂരിന് കീഴിലായി. കലാസാംസ്കാരിക രംഗങ്ങളിൽ ഈ പ്രദേശത്തെല്ലാം വലിയ ഇടപെടൽ നടന്നു വന്നു. അതിനു യോജിച്ച ഒരു സാമൂഹ്യാന്തരീക്ഷം അക്കാലത്തുണ്ടായിരുന്നു. അടിമത്വത്തിന്റെയോ ജാതിമത സ്പർദ്ധയുടെയോ ഒരു ചെറു സംഭവം പോലും നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ കാണില്ല എന്നത് നമ്മുടെ പൂർവ്വികരുടെ ഉയർന്ന മാനവികതയുടെ ലക്ഷണമാണ്. ആതുര രംഗത്ത് നാടൻ വൈദ്യന്മാരും വിഷവൈദ്യന്മാരുമുണ്ടായിരുന്നു. യാത്രകൾ മിക്കതും കാൽനടയെ ആശ്രയിച്ചായിരുന്നു. ചുരുക്കം ചില സന്ദർഭങ്ങളിൽ കാളവണ്ടിയും ഉണ്ടായിരുന്നു. ചെറുവക്കാട്ടില്ലത്ത് ഒരിക്കൽ ബ്രിട്ടീഷ് പ്രതിനിധി ഭാര്യാ സമേതം എത്തിയത് കുതിര വണ്ടിയിലായിരുന്നു. പൂർണ്ണമായും കാർഷിക വൃത്തിയിലധിഷ്ഠിതമായിരുന്നു സാമൂഹ്യ ജീവിതം. വിളകളുടെ വൈവിദ്ധ്യം, വളർത്ത് മൃഗ പരിപാലനം എന്നിവയും അന്നത്തെ സാധാരണ ജീവിതഭാഗമായിരുന്നു.

പുല്ലൂരിമലക്ക് കിഴക്കുള്ള വന സമ്പത്ത് തൃക്കളയൂർ ക്ഷേത്രത്തിന്റെ അധീനതയിലായിരുന്നു. ലഹളക്കാലത്ത് ഒട്ടനവധി പേർ ഓടി ഒളിക്കാൻ കണ്ടെത്തിയത് ഈ മലയോര മേഖല തന്നെയാണ്. ഈ വിഭവങ്ങളിൽ കണ്ണുണ്ടായിരുന്ന ബ്രിട്ടീഷ് അധിപർക്ക് പക്ഷെ തോട്ടുമുക്കം വനമേഖലയെക്കാൾ നിലമ്പൂർ കാടുകളോടായിരുന്നു താൽപര്യം വനവാസികളും ലഹളക്കാലത്ത് ഒളിച്ച് ജീവിക്കുകയും ചെയ്ത ആ വനപ്രദേശമാണ് പിൽക്കാലത്ത് തോട്ടുമുക്കം എന്ന മലയോര കാർഷിക ഗ്രാമമാകുന്നത്. പഞ്ചായത്തിൽ തന്നെ ഏറ്റവുമധികം കൃഷിഭൂമിയുള്ള പ്രദേശമാകുന്നത്.

രണ്ടാം ലോക മഹായുദ്ധകാലത്ത് ക്ഷാമവും വറുതിയും അതിജീവിക്കാൻ തിരുവിതാംകൂർ ഭാഗത്തു നിന്നും കടന്നു വന്ന കർഷകരാണ് തോട്ടുമുക്കത്തെ ആദ്യത്തെ നിവാസികൾ. അധ്വാനശീലരാണെങ്കിലും ഈ വന്യ പ്രകൃതി ആദ്യമാദ്യമൊന്നും കർഷകർക്ക് വഴങ്ങിയില്ല. 1940ൽ വാലില്ലാപുഴയിലേക്ക് കുടിയേറിവന്ന കരിങ്ങാട്ടെ വീട്ടിൽ തോമസ് പന്നീട് പ്രകൃതിയോടേറ്റുമുട്ടാനാവാതെ തിരിച്ചു പോയി. 1959ൽ തോട്ടുങ്കൽ ജോസഫിന്റെ നേതൃത്വത്തിൽ ഒരു കൂട്ടരാണ് തോട്ടുമുക്കത്തെ കുടിയേറ്റത്തിന്റെ ആദികാരണന്മാർ. തൃക്കളയൂർ ദേവസ്വത്തിൽ നിന്നും ചില സ്വകാര്യ വ്യക്തികളിൽ നിന്നുമായി ആണ്ടിൽ രണ്ട് രൂപ പാട്ടത്തിനും ചിലതൊക്കെ വിലക്കും വാങ്ങി കൃഷി ആരംഭിച്ചു. ഘോര വനത്തെ വാസയോഗ്യമാക്കി മാറ്റാൻ അക്കാലത്തെ മനുഷ്യർ ഒരുപാടു കഠിനാധ്വാനം ചെയ്തു.

1960ൽ സെന്റ് തോമസ് ദേവാലയത്തിൽ ആദ്യത്തെ ദിവ്യബലി നടന്നു. അതിനു മുമ്പ് കൂടരഞ്ഞിയിലായിരുന്നു പ്രാർത്ഥനകൾക്കും മറ്റും പോയിരുന്നത്. ഈ ദേവാലയത്തിന് കീഴിൽ ആരംഭിച്ച ഒരു അൺ എയഡഡ് സ്കൂൾ 3-ാം തരം മാത്രമാണ് ഉണ്ടായിരുന്നത്. ഉപരിപഠനത്തിന് പന്നിക്കോടിനെയോ പത്തനാപുരത്തിനേയോ ആശ്രയിച്ചു. ഗതാഗത സൗകര്യം കാര്യമായി ഉണ്ടായിരുന്നത് അരീക്കോടുമായി

ട്ടായിരുന്നു. അതിനാൽ തന്നെ പോസ്റ്റ് ഓഫീസ് സംവിധാനങ്ങൾക്കും ക്രമേണ കച്ചവട ആവശ്യങ്ങൾക്കും അരീക്കോടിനെ ആശ്രയിച്ചു പോന്നു. പഞ്ചായത്തിൽ തന്നെ ആദ്യമായി ഒരു പാൽ സഹകരണ സംഘം സ്ഥാപിതമാകുന്നതും സിനിമാ ടാക്കീസ് ആരംഭിച്ചതും തോട്ടുമുക്കത്താണ്. ഭൂമിശാസ്ത്രപരമായ പ്രകൃതി യുടെ സവിശേഷതകളാലും പഞ്ചായത്തിന്റെ മുഖ്യധാരയിൽ നിന്നും അൽപം അകൽച്ചയുണ്ടെങ്കിലും രാ ഷ്ട്രീയ സാമൂഹ്യ ജീവിതം കൊണ്ട് ഇന്ന് പഞ്ചായത്തിന് തോട്ടുമുക്കത്തിലെ ഇതര മേഖലകളുമായി നല്ല ഇഴയടുപ്പമുണ്ട്. സെന്റ് തോമസ് ചർച്ചിന് കീഴിൽ ഹയർ സെക്കണ്ടറി സ്കൂൾ വരെ ഇവിടെ പ്രവർത്തിക്കു ന്നുണ്ട്.

പഞ്ചായത്തിന്റെ സൂക്ഷ്മതല സ്പർശിയായ ഒരു ചരിത്രം ഇവിടെ പ്രതിപാദിക്കുന്നില്ല. പ്രാദേശിക ചരിത്ര രചനയെന്ന ഒരു പ്രക്രിയ ഇനിയും നടക്കേണ്ടതുണ്ട്. വിവിധ കാലങ്ങളിൽ രേഖപ്പെടുത്തപ്പെട്ട പ്രമുഖ ചരിത്ര പണ്ഡിതന്മാരുടെ വിവരങ്ങളിൽ നിന്നും നമ്മുടെ നാടിന്റെ ചരിത്രം നാം രേഖപ്പെടുത്തി സൂക്ഷിക്കുക തന്നെ വേണം.

# ഭരണചരിത്രം

സാമൂതിരിയുടെ സാമന്തരായിരുന്ന പുലവായ് നായന്മാർക്ക് ശേഷം ബ്രട്ടീഷ് ഭരണത്തിലും കൊടി യത്തൂർ വില്ലേജ് രൂപികരണ ശേഷമുള്ള പ്രദേശിക അധികാരികളുടെ ഭരണകാലത്തും ഉത്തമ സ്നേഹ ചരിത്രമുണ്ടായിരുന്ന കൊടിയത്തൂരിന്റെ പിൻകാല ചരിത്രം വളരെ ചുരിക്കിയാണ് താഴെ പറയും വിധം രേഖപ്പെടുത്തുന്നത്.

1920ലെ മദ്രാസ് വില്ലേജ് ആക്ട് പ്രകാരമാണ് 1956ൽ കൊടിയത്തൂർ, പന്നിക്കോട് പഞ്ചായത്തുകൾ സ്ഥാപിക്കുന്നത്. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് കെ.എം മുഹമ്മദ് ഹാജിയും പന്നിക്കോട് പഞ്ചായത്ത് പ്രസിഡന്റ് വി.എം ഉണ്ണിമോയി സാഹിബും ആയിരുന്നു.

കെ.എം മുഹമ്മദ് ഹാജി പ്രസിഡണ്ടായ പ്രഥമ ബോർഡിൽ എ.എം ഉണ്ണിപ്പോക്കുഹാജി(വൈസ് പ്രസിഡന്റ്) കട്ടയാട്ട് അബ്ദുഹാജി, പി. ഉണ്ണിച്ചേക്കു, പറയങ്ങോട്ട് മുഹമ്മദ് ഹാജി, കൊളക്കാടൻ മമ്മദ്, സി.കെ.ആലി, കള്ളാടികുന്നത്ത് ഉണ്ണിനാഗൻ എന്നിവരായിരുന്നു അംഗങ്ങൾ.

പന്നിക്കോട് പഞ്ചായത്തിൽ പ്രഥമബോർഡിൽ വി.എം. ഉണ്ണിമോയിസാഹിബ് പ്രസിഡന്റും മഞ്ചറ ക്കണ്ടി എൻ.സി. മുഹമ്മദ് വൈസ് പ്രസിഡണ്ടുമായിരുന്നു. പറശ്ശേരി ഉസ്മായിൽ, തോട്ടത്തിൽ കമ്മുണ്ണി, ഉച്ചക്കാവിൽ മുഹമ്മദ്, കവിലേടത്തൊടി ശങ്കര വാര്യർ, ഉച്ചക്കാവിൽ അപ്പു, എൻ.സി.മുഹമ്മദ് എന്നിവർ അംഗങ്ങൾ ആയിരുന്നു. പ്രത്യക്ഷ ജനാധിപത്യത്തിന്റെ (Direct Democracy) മകുടോദാഹരണങ്ങളായി രുന്നു. അക്കാലത്തെ തെരഞ്ഞെടുപ്പുകൾ. കൈപ്പൊക്കി വോട്ടെടുപ്പ് ആണ് നിലനിന്നത്.

1960ലെ കേരള പഞ്ചായത്ത് ആക്ട് ഏകീകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊടിയത്തൂർ, കക്കാട്,കുമാരനെല്ലൂർ വില്ലേജുകളെ കൂട്ടിചേർത്ത് 1963ലാണ് അവിഭക്ത കൊടിയത്തൂർ പഞ്ചായത്ത് നില വിൽ വന്നത്. പൊതുതിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഈ ബോർഡിന്റെ പ്രസിഡന്റ് വി.എം. ഉണ്ണിമോയി സാഹിബായിരുന്നു. കെ. ഉണ്ണ്യേപ്പൻ വൈസ് പ്രസിഡണ്ടും കെ.മുഹമ്മദ് ഹാജി, കെ.പി. അബൂബക്കർ, പി.എൻ.ഉണ്ണീരി, പി.പി.വേലായുധൻ, കെ.ടി. അബൂബക്കർ, ചിന്നൻ, വല്യാത്തൻ, കട്ടയാട്ടു ഫാത്തിമ (നോമിനേറ്റഡ്), അംഗങ്ങളയിരുന്നു. ഇവരിൽ കെ.ടി.അബൂബക്കർ എതിരില്ലാതെയാണ് തെര ഞ്ഞക്കപ്പെട്ടത്. മുസ്ലിലീഗും കമ്യൂണിസ്റ്റ് പാർട്ടിയും ചേർന്ന മുന്നണിയാണ് ഭരണം നടത്തിയിരുന്നത്.

| പഞ്ചായത്ത് | പോസ്റ്റോഫിസ് | സ്ഥാപിതം | വിസ്തീർണ്ണം | ജനസംഖ്യ | ജീവനക്കാർ | നിലവിളക്ക് ഏണ്ണം | ഇലക്ട്രക് | റോഡ് |
|---|---|---|---|---|---|---|---|---|
| പന്നിക്കോട് | മുക്കം | 1956 | 12.5 | 5100 | 2 | 6 | - | - |
| കൊടിയത്തൂർ | ചെറുവാടി | 1956 | 5 | 5000 | 2 | 10 | - | 2 |

(1960ലെ പഞ്ചായത്ത് ഡയറക്ടറി പ്രകാരം)

# വിഭജനം

1974ൽ മുസ്ലീംലീഗിലുണ്ടായ പിളർപ്പ് ഈ ഭരണ സമിതിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. നിലവിലുള്ള പ്രസിഡണ്ടിന്റെ പേരിൽ അവിശ്വാസം കൊണ്ടുവരികയും 1974 ജൂൺ 21ന് പ്രസിഡണ്ട് രാജിവെയ്കുകയും ചെയ്തു. തുടർന്ന് പഞ്ചായത്തിനെ വിഭജിച്ച് കൊടിയത്തൂർ, കാരശ്ശേരി പഞ്ചായത്തുകളാക്കാൻ ഉത്തരവ് വന്നെങ്കിലും പ്രാവർത്തികമായില്ല. 1975 ജൂലായ് 8ന് കെ.എം.മുഹമ്മദ് ഹാജി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1975ൽ അടിയന്തരാവസ്ഥയിൽ ബോർഡ് പിരിച്ചുവിടുകയും 1977ൽ സെപതംബറിൽ ഗവൺമെന്റ് ഉത്തരവിലൂടെ കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളായി അഡ്മിനിട്രറ്റീവ് ഭരണം നിലവിൽ വന്നു. കൊടിയത്തൂർ അഡ്മിനിട്രറ്റീവ് ബോർഡിൽ ടി.ടി.അഹമ്മദ് ഹാജി പ്രസിഡന്റും പി. മറിയം ടീച്ചർ, കെ.എസ്.മുഹമ്മദ്, ഉച്ചക്കാവിൽ മുഹമ്മദ്, കെ. ഇമ്പിച്ചി വെള്ളൻ, കെ.അബ്ദുൾ കരീം (നോമിനേറ്റഡ്), അംഗങ്ങളായിരുന്നു.

1963ലെ തെരഞ്ഞെടുപ്പിന് ശേഷം 1979 സെപ്റ്റംബറിലാണ് പിന്നീട് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഈ തിരഞ്ഞെടുപ്പിൽ മുസ്ലീം ലീഗും കമ്മ്യൂണിസ്റ്റ് പാർട്ടിയും ചേർന്ന ഇടതു ജനാധിപത്യ മുന്നണി ഭരണത്തിലെത്തി. പ്രസിഡന്റായി മുഹമ്മദ് ഹാജിയും വൈസ് പ്രസിഡന്റായി എ.സി. ബീരാനും, മെമ്പർമാരായി മോയിൻ കൊളക്കാടൻ, എം.എ അബ്ദുറഹിമാൻ, പി.എം.അഹമ്മദ്, പി.ഇത്തനായി, കെ. സി.ഭാർഗവി, പി.ജെ.ജോസ് എന്നിവർ അധികാരമേറ്റു. പിന്നീടുള്ള പത്ത് വർഷങ്ങളിൽ ബോർഡ് പിരിച്ചു വിട്ട് അഡ്മിനിസ്ട്രറ്റീവ് ഭരണം വീണ്ടും വന്നു.

1988 സെപ്തംബറിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ മുസ്ലിലീഗും കോൺഗ്രസ്സും ചേർന്ന് ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിലെത്തി. പ്രസിഡണ്ടായി കെ.പി.യു.അലിയും വൈസ് പ്രസിഡണ്ടായി പി.ഉപ്പേരനും മെമ്പർമാറായി എം.എ. അബ്ദുറഹിമാൻ, കെ ഹസ്സൻകുട്ടി,എം.കെ ശങ്കരൻ വൈദ്യർ പി.കെ മറിയം, കെവി. അബ്ദുറഹിമാൻ ചിന്നമ്മ പോൾ, ചുണ്ടശ്ശേരി ജോസഫ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് പി. ഉപ്പേരൻ പ്രസിഡന്റും എം.എ അബ്ദുറഹിമാൻ വൈസ് പ്രസിഡന്റുമായി.

1995 സെപ്തംബർ 24നാണ് ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് നടക്കുന്നത്. ഐക്യജനാധിപത്യമുന്നണി വീണ്ടും അധികാരത്തിലെത്തി വനിതാ സംവരണം എന്ന നിലയിൽ എൽസി എസ്തപ്പാൻ പ്രസിഡന്റും എം.എ അബ്ദുറഹിമാൻ വൈസ് പ്രസിഡണ്ടുമായ ഭരണസമിതി നിലവിൽ വന്നു. കെ.പി.യു.അലി, സി.പി.ചെറിയ മുഹമ്മദ്, പി.മറിയം ടീച്ചർ, പി.കെ മറിയം, കെ.വി.അബ്ദുറഹിമാൻ, കെ.സി.വേലയുധൻ, എം. കുഞ്ഞിപ്പ, ചിന്നമ്മ മാതു എന്നിവർ അംഗങ്ങളുമായി. ഇതിൽ അഞ്ചാം വാർഡ് മെമ്പറായിരുന്ന മറിയം പി.കെ 1996 ഫെബ്രുവരി 17ന് അകാല ചരമ മടഞ്ഞതിനാൽ ഉപതിരഞ്ഞെടുപ്പിലൂടെ വേണായിക്കോട് ആയിഷ മെമ്പറായി.

പിന്നീട് തെരഞ്ഞെടുപ്പ് നടന്ന 2000 നവംബറിൽ ഇ. രമേശ് ബാബു പ്രസിഡന്റായി. സി.ടി.സി.അബ്ദുള്ള വൈസ് പ്രസിഡണ്ടുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികരാത്തിലെത്തിയത് ആ ബോ ർഡിൽ അംഗങ്ങളായി വസീം അഹമ്മദ്(കെ.പി.അബ്ദുറഹിമാൻ), സുഹറ നാസർ,

എന്നിരുന്നാലും ഇനിയും കുറേ കാര്യങ്ങൾ ഇ-ഗവണേഴ്സുമായി ബന്ധപ്പെട്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതി വർഷങ്ങളിൽ നമുക്ക് ചെയ്യുന്നുണ്ട്. തപാലുകൾ Paper Less ആയി കൈകാര്യം ചെയ്യുന്നതിന് സൂചിക ബ്ലോക് ഓഫീസ് സംവിധാനവും, പ്രവർത്തിക്കുന്നുണ്ട്. ഫയൽ വിവരങ്ങൾ അറിയുന്നതിന് പഞ്ചായത്ത് ഓഫീസിൽ ഒരു ടെച്ച് സ്ക്രിനിംഗ്, ഏർപ്പെടുത്തുന്നതാണ്. ഒരു ഹൈ സ്പീഡ് സ്കേനർ സംവിധാനങ്ങളും നിലവിൽ ഉള്ള കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനങ്ങളും, Telephone Network സംവിധാനങ്ങളും, Router, Switch & Computer Room എല്ലാ സ്ഥിതി ചെയ്യുന്ന Server Room Tempone വേണ്ടി ചെയ്യാതെ നിലനിർത്തുന്നതിനുവേണ്ടി അത്പോലെ പഞ്ചായത്തിലെ മുഴുവൻ ഘടക സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു നെറ്റ്‌വർക്ക് സ്ഥാപിച്ചാൽ പഞ്ചായത്ത് പ്രതിനിധികൾക്കും മാറ്റും, ടി സ്ഥാപനങ്ങളിൽ പോകാതെ നേരിട്ടു സംസാരിക്കാവുന്ന Video confernce സംവിധാനങ്ങളും ഏർപ്പെടുതാനാകും.

# വികസനപരിപ്രേക്ഷ്യം

അഴിമതിരഹിത പഞ്ചായത്ത് എന്നലക്ഷ്യം പൂർത്തീകരിക്കുക, ഓഫീസ് സംവിധാനത്തിൽ ഉടച്ചു വാർക്കൽ നടത്തി സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കാം. ഓൺലൈൻ, മൊബൈൽ എസ്.എം.എസ്.സംവിധാനങ്ങൾ രജിസ്ട്രേഷൻ മാതൃകയിൽ നടപ്പാക്കും.

പഞ്ചായത്ത് ഓഫീസിലെ ജനസൗഹൃദ ഇടമാക്കാനുള്ള പദ്ധതികൾ, സീറോഫയൽ പഞ്ചായത്താണ് ലക്ഷ്യം. കടലാസ് രഹിത ഇടപെടലുകളുടെ സേവനങ്ങൾക്കായി കാത്തുനിൽക്കാതെ സ്വയംപര്യാപ്തമായ പഞ്ചായത്ത് ഭരണം പൂർത്തീകരിക്കണം.

# കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി
# മണ്ണ്, ജല സംരക്ഷണം

കാർഷിക ഗ്രാമമായ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 29.81 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വ്യപിച്ചുകിടക്കുകയും ചാലിയാറും, ഇരുവഴിഞ്ഞിയുമാണ് പ്രധാന ജലസ്രേന്ദ്രസുകൾ. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. മലയോര മേഖലയിൽ റബർ, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നു.

ഏകദേശം 1400 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. ശാസ്ത്രീയ വളപ്രയോഗത്തിലൂടെയും സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ അംവലംബിക്കുന്നതിലൂടെയും ഗുണമേന്മയുള്ള തൈകൾ കൃഷിയുന്നതിലൂടെയും ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കും

നാല് പാടശേഖരങ്ങളിലൂടെ 150 ഏക്കറോളം സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കൃഷിവകുപ്പ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമ പഞ്ചായത്ത് മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവ സംയോജിതമായി പദ്ധതി നടപ്പിലാക്കിയാൽ 50 ഏക്കറോളം തരിശ് നിലം നെൽകൃഷി യോഗ്യമാക്കാനും, ചില പാടശേഖരങ്ങളിൽ ഇരു കൃഷി ചെയ്യാനും സാധിക്കും, കൂടാതെ കാർഷികയന്ത്രവൽക്കരണം, ഗുണമേന്മയുള്ള വിത്ത് വിതരണം, കരനെൽകൃഷി താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവ ആസൂത്രണം ചെയ്യ്താൽ നമ്മുടെ പഞ്ചായത്തിൽ നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും

പച്ചക്കറി കൃഷി വിവിധ കാലങ്ങളിലായി സമതലങ്ങളിലും, പാടത്തും, പറമ്പിലും 25 ഏക്കറോളം സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. വിത്തു മുതൽ വിപണി വരെ ഒരു കൂടക്കീഴിൽ കൊണ്ടുവന്ന് സമൂഹത്തിലെ നാനാവിധ ജനങ്ങളെ പങ്കാളിയാക്കി ജൈവമാർഗ്ഗങ്ങൾ അവലംമ്പിച്ചുകൊണ്ട് പരമാവധി ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്താൽ ആരോഗ്യകര ഭക്ഷണ ശീലത്തിലൂടെ ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ സാധിക്കും. കാലാവസ്ഥക്കനുസരിച്ച് കൃഷി ചെയ്യാൻ മഴ മറ പോലുള്ള നവീന രീതികളും ആവിശ്കരിക്കുന്നതാണ്.

വാഴ, കമുക്, ഫലവൃക്ഷങ്ങൾ, ഇടവിള കൃഷി (ജാതി മഞ്ഞൾ, കിഴങ്ങ് തുടങ്ങിയവ) റബ്ബർ, കുരുമുളക് എന്നിവയാണ് മറ്റുകൃഷികൾ. ഇവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ വളപ്രയോഗത്തിനും, മൂലവർദ്ധിത ഉൽപന്നങ്ങളുടെ പ്രേത്സാഹനത്തിനും നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യാം.

കേരശ്രീ നാളികേരക്ലസ്റ്റർ സമിതികൾ, പച്ചക്കറി ക്ലസ്റ്റർ, കുരുമുളക് സമിതി, നാളകേര ഉൽപാദന സംഘങ്ങൾ, ഫാർമേഴ്സ് ക്ലബുകൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ സംവിധാനത്തിൽ 244 അയൽ കൂട്ടങ്ങളും പ്രവർത്തിക്കുന്നണ്ട്.

വിഷരഹിത പച്ചക്കറി ഉൽപാദത്തിനായ സുഫലം എന്ന പേരിൽ പദ്ധതി ആവിശ്കരിക്കുന്നതാണ്. കൂടാതെ ജൈവ വളങ്ങൾ, കീടനാശിനികൾ എന്നിവയ്ക്കായി ജൈവ ഫാർമ്മയും ആരംഭിക്കേണ്ടതുണ്ട്.

കൃഷിഭവൻ മുഖേന വകുപ്പ് പദ്ധികൾ, ജനകീയാസൂത്രണ പദ്ധികൾ, പശ്ചിമഘട്ട വികസന പദ്ധികൾ, ആത്മ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി എന്നിവയിലൂടെ കാർഷിക മേഖലയിൽ ഗുണമേന്മയുള്ള വിത്ത്, വളം, ജലസേചന സൗകര്യം, കൂലിചെലവ്, നൂതന കൃഷിരീതികളായ ഡിവിസ് സ്പ്രിഗ്ളർ ജനസേചനം, മഴമറ, ജല സംരംക്ഷണ പ്രവർത്തനങ്ങൾ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, കാർഷിക വിപണി, തുടങ്ങിയ ഒട്ടനവധി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

മണ്ണ് പരിശോധന എല്ലാ കൃഷിയിടങ്ങളിലും നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം ചെയ്യാൻ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വർഷംതോറും കാമ്പയിനുകളും, ജി.പി.എസ് അടിസ്ഥാനപ്പെടുത്തിയുള്ള മണ്ണ്പരിശേധനയും നടത്താറുണ്ട്.

## മൃഗസംരംക്ഷണം ക്ഷീര വികസനം

1993-1996 കാലത്ത് പഞ്ചായത്തിൽ ആകെ 3500കന്നുകാലികളുണ്ടായിരുന്നു. പുറമെ 4000 ആടുകളും 120 പന്നികളും 96 മുഴലുകൾ വീട്ടിലും കൃഷിയിടത്തോടനുബന്ധമായും ആളുകൾ വളർത്തി. അക്കാലത്തെ 48% വീടുകൾ കന്നുകാലികളെയും 82% കോഴികളെയും വളർത്തി. മുൻവർഷങ്ങളിൽ പലകുടുംബാംഗങ്ങളെയും ഉപജീവന മാർഗ്ഗമായിരുന്ന ഈ മേഖല ഇന്ന് വളരെ കുറഞ്ഞതായി കാണാം. സ്ഥലകുറവ്, കാലിത്തീറ്റ, വിപണനം, പരിപാലന പ്രശ്നങ്ങൾ എളുപ്പത്തിലുള്ള പുറം ലഭ്യത എന്നിവയാണ് ഈ മേഖല തകരുന്നതിനുള്ള

പ്രധാന കാരണം

പഞ്ചായത്തിൽ ഗാർഹികമായല്ലാതെ വ്യാവസായികമായി നടത്തപ്പെടുന്ന ഫാമുകളും പ്രവർത്തിക്കുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു ആട് ഫാം പ്രവർത്തിക്കുന്നു 5 ഇറച്ചിക്കോഴി ഫാമുകളും 3 മുട്ടക്കോഴി ഫാമുകളും മറ്റുള്ള 1 ഫാമും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സമീപകാലത്ത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പക്ഷിപനിയുമായി ബന്ധപ്പെട്ട് ധാരാളം പക്ഷികളെ കൊന്നൊടുക്കിയത് പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മുട്ടഗ്രാമം പദ്ധതി ( ജില്ലാപഞ്ചായത്തുമായി സഹകരിച്ച്) ആവിഷ്കരിക്കുന്നതാണ്.

ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം തീറ്റപ്പുല്ലിന്റെ കാര്യത്തിലാണ്. പഴയ കാലം പോലെ വിശാലമായ പറമ്പുകളോ പറമ്പുകളിൽ വേണ്ടത്ര പുല്ലോ, ഇല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. എങ്കിലും പഞ്ചായത്തിൽ ആകെ മൂന്ന് ഏക്കറിൽ തീറ്റപ്പുൽ കൃഷിയുണ്ട്. ഫോഡർ നെഴ്സറികൾ ഒന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. .

ആധുനിക അറവുശാല ഒന്നുപോലും പഞ്ചായത്തിലില്ല. എന്നാൽ സാധാരണ മട്ടിൽ പ്രവർത്തിക്കുന്ന പശു/എരുമ/ആട് എന്നവയെ വില്പന നടത്തുന്ന 5 അറവുശാലകൾ പ്രവർത്തിക്കുന്നു, പക്ഷികളുടെ (കോഴി/താറാവ്/കാട) അറവുശാലകൾ പഞ്ചായത്തിൽ 10 എണ്ണം പ്രവർത്തിക്കുന്നു.

തെരുവു നാഴ്ക്കളുടെ വിഷയം രൂക്ഷമാകാറുള്ള പഞ്ചായത്താണ് കൊടിയത്തൂരും. ഏകദേശം കണക്കാക്കിയത് 157 എണ്ണം എന്നാണ്. അതിൽ ABC നടത്തിയത് 6 എണ്ണം മാത്രമാണ്. ലൈസൻസ് എടുത്തില്ലെങ്കിലും 212 നായകളെ വീടകളിൽ പരിപാലിക്കുന്നു.

പഞ്ചായത്തിൽ 2 മൃഗാശുപത്രികളാണ് പ്രവർത്തിക്കുന്നത്. ഒരു വെറ്റ്നറി സബ്സെന്ററും ബ്ലോക്ക് ലെവലിലുള്ള രാത്രികാല മൃഗ ചികിത്സാ യൂണിറ്റും പ്രവർത്തിക്കുന്നു. ABC സെന്റർ, ലബോറട്ടറി, വാഹന സൗകര്യം എന്നിവ പഞ്ചായത്തിലില്ല.

# പ്രാദേശിക സാമ്പത്തിക വികസനം

വ്യവസായ സൗഹൃദഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം നേടുകയെന്നത് അത്രലളിതമല്ല. വലിയസ്ഥാപനങ്ങളൊന്നും നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തിൽ ചെറുകിട പദ്ധതികൾക്ക് ഏറെ പ്രസക്തിയുണ്ട്. അധികം പേർക്ക് ജോലി ലഭിക്കാത്ത കേന്ദ്രീകൃത സ്ഥാപനമായോ വീട്ടുവളപ്പിൽ ഒരുപാട് പേർക്ക് പങ്കാളിത്വത്തോടെ ചെയ്യാവുന്നതായ പദ്ധതിയായും നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. സ്ഥിരോത്സാഹവും ശോഭനമായ ഭാവിയും യുവസംരംഭകർക്ക് മാതൃകയായും മാറുന്ന പദ്ധതികൾ സ്ത്രീകൾക്ക് സ്വന്തം കാലിൽ നിൽക്കാനാവശ്യമായ വരുമാന ലഭ്യതയുടെ പദ്ധതികൾ പ്രവാസികൾക്കുള്ള സ്വയം തൊഴിൽ സംരംഭങ്ങളും പ്രവാസി വ്യവസായ സ്ഥാപനങ്ങൾ എന്നിവയും നമ്മുടെ ദീർഘകാല ലക്ഷ്യങ്ങളാണ്. സർക്കാർ നിർദേശപ്രകാരം വരുമാന മാർഗങ്ങൾ തേടുന്നതിനുള്ള വനിതകൾക്കായുള്ള പദ്ധതികൾ 2025 – 26വാർഷികപദ്ധതിയിൽ ഉൾപ്പെടുത്ത ിട്ടുണ്ട്.

കൊടിയത്തൂർ പഞ്ചായത്തിനെ സംബന്ധിച്ചെടുത്തോളം ചെറുകിട വ്യവസായം ആരംഭിക്കാൻ അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആ രംഗത്ത് നമുക്ക് കാര്യമായ ഇടപെടൽ കഴിഞ്ഞ കാലങ്ങളിൽ നടത്താൻ കഴിഞ്ഞിട്ടില്ല. 411ഓളം കുടുംബശ്രീ, വനിത പുരുഷ സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എടുത്തുപറയത്തക്ക പദ്ധതികൾ ഇല്ല.

1. ജനങ്ങൾക്ക് വ്യവസായത്തിലെ അവബോധമില്ലായ്മ
2. താൽക്കാലിക ലാഭത്തിനു വേണ്ടി തട്ടിക്കൂട്ടുന്ന സംഘങ്ങളല്ലാതെ സ്ഥായിയായ, ദീർഘ കാലാടിസ്ഥാ നത്തിൽ നിലനിൽക്കുന്ന സംഘങ്ങൾ ഇല്ലാത്ത അവസ്ഥ.
3. മാർക്കറ്റിംഗ് പ്രശ്നം (മുൻപിൽ ബന്ധങ്ങളിലുള്ള അറിവില്ലായ്മ)
4. വിപണിക്ക് അനുയോജ്യമായ ചെറുകിട വ്യവസായം തെരെഞ്ഞെടുക്കുന്നതിലുള്ള അറിവില്ലായ്മ
5. വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ അനുബന്ധ ഘടകങ്ങളുടെ അപര്യാപ്തത ഉദാ:ബാങ്കിംഗ്, ഇൻഡസ്ട്രിയൽ സ്പെയർ പാർട്സ് എന്നിവയുടെ പ്രാദേശിക ലഭ്യതയിൽ കുറവ്.
6. ഉൽപ്പാദനത്തിന് ആവശ്യമായ സാങ്കേതിക വിദ്യയുടെ ലഭ്യമില്ലായ്മ

7. മൂലധനം, വ്യവസായത്തിന് ആവശ്യമായ ഭൂമി എന്നിവയുടെ കുറവ്
8. വ്യവസായ പരിശീലനത്തിന്റെ അഭാവം
9. വൈവിധ്യവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും പിന്നാക്കാവസ്ഥ

# ദാരിദ്ര്യ ലഘൂകരണം (പാർപ്പിട ഉൾപ്പെടെ)

29.81 Sq.81 Sq Km.വിസ്തീർണ്ണമുള്ളതും 29816 ജനസംഖ്യയുള്ളതുമായ കൊടിയത്തൂർ പഞ്ചായത്തിലെ പ്രധാന ആദായ മാർഗ്ഗം കൃഷിയും അനുബന്ധപ്രവൃത്തികളുമാണ്. 16 വാർഡുകളായി തിരിച്ച ഈ പഞ്ചായത്തിൽ 1,2,3,4,11,12,13,14,15,16 വാർഡുകളിൽ ഗൾഫ് പണത്തിന്റെ സ്വധീനം നിർണ്ണായമാണ്. 5,6,7 വാർഡുകൾ മലയോര പ്രദേശമായതിനാൽ ഭവന നിർമ്മാണം ചെലവേറിയതും ദുഷ്കരവുമായതിനാൽ സാധാരണക്കാർക്കും ദുർബല ജനവിഭാഗങ്ങളും വളരെയേറെ ക്ലേശമനുഭവിക്കുന്നുണ്ട്.

കൊടിയത്തൂർ പഞ്ചായത്തിൽ ആകെ 6609 കുടുംബങ്ങളിൽ 587 പട്ടികജാതി കുടുംബവും 7 പട്ടിക വർഗ്ഗ കുടുംബവുമാണ്. ഇതിൽ 2014 ബി.പി.എൽ കുടുബവും 79 അഗതി / ആശ്രയ കുടുംബവും ഉൾപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും വർദ്ധിച്ച കൂലി നിരക്കും കാരണം സാധാരണക്കാർക്കും ദുർബല വിഭാഗക്കാർക്കും ഭവന നിർമ്മാണം ഇന്നും അതീവ സങ്കീർണ്ണമായ പ്രശ്നമായി അവശേഷിക്കുന്നു.

കേരള സർക്കാർ സമ്പൂർണ്ണ ഭവനപദ്ധതിയായ Life പദ്ധതിയിലെ 1 ഉം 2 ഉം 3 ഉം ഘട്ടങ്ങൾ പൂർത്തി കരിച്ചു

ഭാഗം. 2 മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2012-13- മുതൽ 2019 - 20 വരെ വാർഷിക പദ്ധതികളിൽ പഞ്ചായത്തിൽ പാർപ്പിട മേഖലയുമായി ബന്ധപ്പെട്ട് നിരവധി പദ്ധിതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ ഭവന പദ്ധിയായ ഐ.എ.വൈ, പി.എം.എ.വൈ പദ്ധതിയുലും പട്ടികജാതി വകുപ്പിന്റെ കീഴിലും ഭവന നിർമ്മാണം, ഭവന പുനരിദ്ധാരണം, കക്കൂസ്- എന്നിവ ധനസഹായം അനുവദിച്ചിടുണ്ട്.

കൂടാതെ 2009-10 മുതൽ EMS ഭവന പദ്ധതി പ്രകാരം 97 വീടുകളും അനുവദിച്ചു. 2024-25 വ ാർഷത്തിൽ ലൈഫ് ഭവനനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി 67 വീടുകൾ നിർമിച്ചു നൽകുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.

മിക്കപദ്ധതികളും ലക്ഷ്യം കൈവരിച്ചെങ്കിലും പഞ്ചായത്ത് അനുവദിക്കുന്ന പാർപ്പിട അനുവന്ധ പ്രശ്നങ്ങൾക്ക് അറുതി വന്നിട്ടില്ല എന്നത് പ്രത്യേഗം പരിഗണന അർഹിക്കുന്ന വിഷയമാണ്.

# സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ കുട്ടികൾ മുതലയാവ)

കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് വയോജനസൗഹൃദഗ്രാമമാക്കണമെന്ന് നമ്മുടെ സ്വപ്നമാണ്. ഭിന്നശേഷിയുള്ള ഒട്ടേറെകുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. അവരുടെ ജീവിതസ്വപ്നങ്ങൾക്ക് നിറം ചാർത്താനുള്ള ശ്രമങ്ങൾ പദ്ധതികളായി രൂപപ്പെടുത്തെണ്ടതുണ്ട്. പകൽ വീട്, വിനേദയാത്രകൾ, വയോക്ലാസുകൾ, വയോജന വിദ്യാർത്ഥി സംഗമങ്ങൾ തുടങ്ങി വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനും ആനന്ദത്തിനുമുള്ള പദ്ധതികളുണ്ടാവണം

അംഗനവാടികളുടെ നിലവിലുള്ള സ്ഥിതി ഉയർത്തണം. ശിശുകേന്ദ്രീകൃത സഹവാസത്തിന്റെ ഉദാക്ത കേന്ദ്രങ്ങളായിമാറണം. പഞ്ചായത്തിൽ 26 അംഗനവാടികളിലായി 384 കുട്ടികളുണ്ട്.മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ശിശുസൗഹൃദാന്തരീക്ഷവും ഒരുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ 6 വയസ്സുവരെയുള്ളതും 1777 കുട്ടികളാണ്. അംഗൻവാടിയിലെത്താത്തകുട്ടിൾ വിവിധ സ്കൂളുകളുടെ ഭാഗമായ പ്രീപൈമറികളിൽ പഠിക്കുന്നു. കുട്ടികളെ കൂടുതലായി അംഗൻവാടികളിലെത്തിക്കാനുള്ള പദ്ധതികളുണ്ടാവണം. പഞ്ചായത്തിലെ പൊതുയിടങ്ങളും സ്ഥാപനങ്ങളും ഭിന്ന ശേഷിസൗഹൃദമാക്കാനുള്ള പദ്ധതികളും രൂപപ്പെടേണ്ടതുണ്ട്.

വയേജനങ്ങൾക്ക് അവരുടെ വ്യഥകൾ പങ്കിടാനും ആശയവിനിമയത്തിനും മാനസികോല്ലാസത്തിനുമായി

ക്ലമ്പുകളും കൂട്ടായ്മകളും ഉണ്ടാവേണ്ടതുണ്ട്. നല്ല ഒരുലൈബ്രറിയും ആവശ്യമെങ്കിൽ  സർവ്വേ നടത്തി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പകൽ വീട് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. ഭിന്നശേഷി കുട്ടികൾക്കായി ബഡ്സ്കൂൾ പശ്ചാത്തസൗകര്യം പഞ്ചായത്തിലുണ്ട്. അത് പ്രവർത്തിക്കാവശ്യമായ പദ്ധതികളുണ്ടാവണം. മുൻകാലങ്ങളിൽ വിവധങ്ങളായ പദ്ധതികൾ സ്വപ്നം കാണുകയും എന്നാൽ പലതും നടക്കാതെ പോകുന്ന അവസ്ഥയുണ്ട്. ഏറെക്കുറെ കുറ്റമറ്റരീതിയിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. എന്നിരുന്നാൽതന്നെയും അംഗൻവാടിക്ക് അസൗകര്യങ്ങളുണ്ട്. പരമാവധി കുട്ടികളെ അംഗൻവാടികളിൽ ഉൾപ്പെടുത്താൻ സാധിക്കണം. പോഷകാഹാരങ്ങൾ. യൂണിഫോറം, കളിക്കോപ്പുകൾ തുടങ്ങി വാർഷിക സംഗമങ്ങൾ  വരെ പദ്ധതികളായി ഉൾപ്പെടേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ അടിസ്ഥാനഘടകം അംഗൻവാടികളായി മാറുന്ന സ്ഥിതി വിശേഷമുണ്ടാക്കണം. സർക്കാർ സഹായങ്ങളോടപ്പംതന്നെ ബഹുജനങ്ങളുടെ സാമ്പത്തിക സഹായത്തിനും മാർഗ്ഗങ്ങൾ നാം കണ്ടെത്തണം. അതിനു തക്കവിധം പി.ടി.എകൾ മാതൃസമിതികൾ എന്നിവ ജനകീയമായ പുനർനിർവ്വഹിക്കണം. അംഗൻവാടികളും വിദ്യാലയങ്ങളും തങ്ങളുടേതാണ് എന്നും ഇത് സംരക്ഷിക്കേണ്ടതും, വിപുലപ്പെടുത്തേണ്ടതും നാം തന്നെ എന്ന ബോധനിലവാരത്തിലേക്ക് പൊതുജനങ്ങളെ ഉയർത്തേണ്ടതുണ്ട്.

അംഗൺവാടികൾ കൂടുതൽ ശിശുസൗഹൃദമാകണം. കളിസ്ഥലം, ഫർണിച്ചർ, ചുറ്റുമതിൽ, ഉല്ലാസത്തിനുള്ള യന്ത്രങ്ങൾ, ഗ്യാസ്കണക്ഷനുകൾ വേണ്ടവിധം ജല ലഭ്യത തുടങ്ങിയവ ഉറപ്പുവരുത്തുന്ന പദ്ധതികളുണ്ടാകണം. അംഗണവാടിയുടെ രക്ഷിതാകളുടെ സമിതികളെ ശക്തിപ്പെടുത്തിയും, കൂട്ടായ്മകളും, ആഘോഷങ്ങളും സംഘടിപ്പിക്കണം.

ഭിന്നശേഷിക്കാരായ കുട്ടികളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ വീട്ടിൽ ചെന്ന് ഫിസിയോതെറാപ്പി സ്പീച്ച് തെറാപ്പി സൗകര്യം ഒരുക്കുന്നു പ്രത്യാശ എന്ന പേരിൽ ഹോം കെയർ സംവിധാനം 2024 – 25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് മതിയായ പരിശീലനങ്ങൾ മത്സര പരീക്ഷകളിൽ ..... വനിതകളെ മുന്നിലെത്തിക്കുന്നതിനായി 2024 – 25 വർഷം വനിതകൾക്കായി ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കുകയാണ്. ഇത് സ്ത്രീകളെയും കുടുംബത്തെയും ഉയർന്ന ചിന്താധാരാതലങ്ങളിലേക്ക് ചെന്നെത്തിക്കുവാൻ പര്യപ്തമാണ്

# വനിതാവികസനം

ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളുള്ള നമ്മുടെ പഞ്ചായത്തിൽ ദൃശ്യമാവും വിധം അവർക്കനുയോജ്യമായ സംരംഭങ്ങളോ, സ്ഥാപനങ്ങളോ ഇല്ലാഎന്നത് പരിഹരിക്കപ്പെടണം. മികച്ച കുടുംബസ്ത്രീ പുരസ്കാരങ്ങൾ നേടിയ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസവും ഉന്നത സാങ്കേതിക വിദ്യായും നേടിയ വനിതകൾ പഞ്ചായത്തിന്റെ സമ്പത്താണ്. എന്നാൽ ഇത്തരം ആനുകൂലങ്ങളൊന്നും തന്നെ സ്ത്രീ മുന്നാക്ക പദ്ധികളായി രൂപപ്പെടാതിരുന്നത് ഒരു വലിയ വികസന വിടവാണ്. കേവലം ടൈലറിംഗ് യൂണിറ്റുകൾക്ക് മാത്രമായി പദ്ധതിവികസനം ചെലവഴിക്കുന്ന പരിതസ്ഥിതി ഒഴിവാകണം. പകരം സ്ത്രീകളുടെ സാമ്പത്തിക നിലയും, ആത്മ വിശ്വാസവും ഇടപെടൽ സാധ്യകൾ വർദ്ധിക്കുന്നതുമായ പദ്ധതികൾ ഉണ്ടാവണം. സ്ത്രീകൾക്കും  കുട്ടികൾക്കും നിർഭയമായി സഞ്ചരിക്കാവുന്ന – സ്ത്രീ സൗഹൃദ പഞ്ചായത്തായി കൊടിയത്തൂരിനെ മാറ്റിയെടുക്കണം. 2019 – 20 വർഷത്തിൽ പഞ്ചായത്ത് ഓഫീസിൽ ഫീഡിംഗ്റൂം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 2024 – 25 വാർഷിക പദ്ധതിയിൽ വനിതാ വ്യവസായ സൗഹൃദ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | പ്രശ്നങ്ങൾ | പ്രദേശം | പ്രശ്നകാരണങ്ങൾ | ഏറ്റെടുക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | വനിതകൾക്ക് സുരക്ഷിത ത്വമില്ല | പൊതു അങ്ങാ ടികൾ | ബോധവൽകരണമില്ലായ്മ,പരി രക്ഷ, ജാഗ്രതസമിതി, മറ്റ് റെ സിഡൻസ് അസോസിയൊഷൻ എന്നിവ രൂപീകരിക്കുക. | തദ്ദേശം |
| 2 | വനിതകൾക്ക് കുടുംബസംവി ധാനത്തിൽ തൊഴിൽ സംരം ഭങ്ങൾ കുറവാണ് | | കുടുബശ്രീ സംവിധാനം മെച്ചപ്പെ ടുത്തുക, തൊഴിൽ സംരംഭങ്ങൾ ആരംഭികുക | തദ്ദേശം |
| 3 | തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുൽ ഇടങ്ങൾ മെച്ചപ്പെടു ത്തുക, വേതനം വർദ്ധിപ്പി ക്കുക. | | .........സാമ്പത്തിക സാമൂഹിക സ്ഥിതി മെച്ചപ്പെടുതുക.വേതനം സർപ്പിക്കുന്നത് | തദ്ദേശം സർക്കാർ |
| 4 | അങ്കണവാടികളുടെ പ്ര വർത്തകർക്ക് പ്രീ സ്കൂൾ പരിശീലനക്കുറവ് | അങ്കണവാടി തലം | പ്രീ സ്കൂൾ കുട്ടികളുടെ... നില മെച്ചപ്പെടുത്തുക. | തദ്ദേശം |
| 5 | ഗാർഹിക പീഠനം വിവാഹമോചനം | പഞ്ചായത്ത് | പുരുഷന്മാരുടെ ലഹരി ഉപയോഗം | തദ്ദേശം |
| 6 | അങ്കണവാടികളിൽ ജൈവ പച്ചകറിത്തോടത്തിനായി വളവും , വിത്തും നൽകുക | അങ്കണവാടി കൾ | കൃഷിവകുപ്പ് വഴി വിത്തും വളവും നൽകുക | തദ്ദേശം |

# പട്ടികജാതി വികസനം, പട്ടിക വർഗ്ഗ വികസനം

കോഴിക്കോട് ജില്ലയുടെ കിഴക്കേ അതിർത്തി ഗ്രാമപഞ്ചായത്തായ കൊടിയത്തൂരിൽ പട്ടികജാതി ജനസംഖ്യ 2510 ആണ് 1300 സ്ത്രീകളും 1210 പുരുഷന്മാരുമാണ് ഈ കണക്കുകളിൽ സൂചിപ്പിക്കുന്നത്. ഇത്രയും പേർ ഉൾപ്പെടുന്നതാകട്ടെ 587 കുടുംബങ്ങളിലായിട്ടാണ്. ഒറ്റപ്പെട്ട നിലയിലുള്ള 226 കുടുംബങ്ങളും കൂട്ടത്തിൽ കൂടിയുള്ള 361 കുടുംബത്തിലുമായിട്ടാണ് താമസിച്ചുപോരുന്നത്. ഏഴ് കുടുംബങ്ങളിലായി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ 26 ആകുന്നു. അതിൽ പുരുഷന്മാർ 10 സ്ത്രീകൾ 16 ആകുന്നു. 6 കുടുംബവും കണ്ടംപുലിക്കാവ് കോളനിയിലാണ് താമസിക്കുന്നത്. ഒരു കുടുംബം തോട്ടുമുക്കത്ത് ഒറ്റപ്പെട്ടനിലയിൽ താമസിക്കുന്നു.

1995 ലെ കണക്കുകൾ അനുസരിച്ച് അന്നത്തെ ജനസംഖ്യയുടെ 8.45% പട്ടികജാതിക്കാരും, 0.13% പട്ടിക വർഗ്ഗക്കാരുമാണ് ഉണ്ടായിരുന്നത്. ഇന്ന് അത് 8.42% പട്ടികജാതിക്കാരും, 0.088% പട്ടികവർഗ്ഗക്കാരുമാണുള്ളത്. ഒട്ടേറേ ക്ഷേമപദ്ധതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കിയെങ്കിലും വേണ്ടത്ര ഈ വിഭാഗത്തിനെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടില്ല. പല പദ്ധതികളും അശ്രദ്ധകൊണ്ടും മുൻഗണന ബോധമില്ലാതെയും തയ്യാറാക്കിയതിനാൽ ഉദ്ദേശിച്ചത്ര ഫലം ലഭിച്ചില്ല. സാമൂഹ്യവും, രാഷ്ട്രീയവുമായ നിലവാരമുയർന്നുവെങ്കിലും സാമ്പത്തികവും ആരോഗ്യപരവുമായ നിലകളിൽ ഇപ്പോഴും താഴെ തട്ടിൽ തന്നെയാണ് പഞ്ചായത്തിലെ പട്ടിക വർഗ്ഗവിഭാഗക്കാർ.

നേരത്തെ വിദ്യാഭ്യാസരംഗത്ത് തുടർന്ന് പഠിക്കാൻ മറ്റും കഴിയാതിരുന്ന സാഹചര്യം ഇന്ന് മാറിയിട്ടുണ്ട്. പല കുട്ടികളും ഉയർന്ന മാർക്ക് വാങ്ങി വിവിധ കോഴ്സുകളിൽ പാസാകുന്നു. പട്ടികജാതി വകുപ്പ് ഏർപ്പെടുത്തിയ സ്വർണ്ണമെഡൽ പഞ്ചായത്തിലെ കുട്ടികൾ കരസ്ഥമാക്കുന്നുണ്ട്. കായിക–കലാ മത്സരങ്ങൾ, വിവിധ തൊഴിലുകൾ എന്നിവയിൽ എത്തിപ്പെടുന്നവരും വളരെ ചെറിയ ശതമാനമാത്രമാണ്. കുഞ്ഞുങ്ങളെ അംഗൻവാടിയിൽ വിടുന്നതും പെൺകുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് അയ്ക്കുന്നതിനും കുടുംബങ്ങൾക്ക് കഴിയുന്നു. 2025– 26 വാർഷിക പദ്ധതിയിൽ സ്കോളർഷിപ്പ് നടപ്പാക്കും

## അവസ്ഥവിശകലനം

പട്ടികജാതി – ഉപജാതി യുവാക്കൾക്കുള്ള തൊഴിൽ പരിശീലനങ്ങൾ പലപ്പോഴും പ്രഹസനങ്ങളായി പോകുന്നു. സ്വയം തൊഴിൽ സംരംഭം ആരംഭിക്കാനുള്ള ആത്മവിശ്വാസകുറവ്, സാമ്പത്തിക അവസ്ഥയില്ലായ്മ തുടങ്ങിയ അവസ്ഥ നിലനിൽക്കുന്നുണ്ട്. വിവിധതരം ആശ്വാസപദ്ധതികൾ, ലോണുകൾ എന്നിവ കരസ്ഥമാക്കാൻ അറിവില്ലായ്മ മൂലമോ, സാങ്കേതികവും നിയമപരവുമായ അവഗാഹവും ഇല്ലാത്തതുമൂലമോ ഇത്തരം സംരംഭങ്ങളിൽ നിന്ന് അകന്നുപോവുന്നു. ആരോഗ്യസംരക്ഷണം പട്ടികജാതി കോളനികളെ സംബന്ധിച്ച് ഒരു പ്രധാനപ്രശ്നമായി മുൻകാലത്ത് ഉയർത്തപ്പെട്ടിട്ടുണ്ട്. വിവിധതരം രോഗങ്ങൾ കോളനികളിൽ ഏറെയായിരുന്നു. എന്നാൽ ഇന്ന് മെച്ചപ്പെട്ട ആരോഗ്യശുചിത്വ ശീലങ്ങൾ കോളനികളിൽ പാലിക്കപ്പെടുന്നു. എങ്കിലും കുടിവെള്ളത്തിന് മാലിന്യസംസ്കരണത്തിനുമുള്ള സൗകര്യങ്ങൾ കുറവാണ്. കോളനികളെ കേന്ദ്രീകൃത ജലവിതരണത്തിന്റെയും, കേന്ദ്രീകൃത മാലിന്യസംസ്കരണത്തിന്റെയും പാതയിലേക്ക് നയിക്കാൻ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ സാദ്ധ്യമാക്കുന്നതാണ്. പട്ടികവർഗ്ഗ കോളനിയിലേക്ക് ഉള്ള റോഡ് പൂർണ്ണാർത്ഥത്തിൽ ഗതാഗത യോഗ്യമല്ല. എന്നാൽ കോളനിക്കുള്ളിലെ റോഡ് നിലവാരം പുലർത്തുന്നു. മാലിന്യസംസ്കരണം കോളനിയിൽ കൊണ്ടുവരേണ്ടതുണ്ട്.

# ആരോഗ്യം

1972 വരെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. അയ്യപ്പൻ വൈദ്യർ, ശങ്കനരൻ വൈദ്യർ, കുടുംബം മൂലയിൽ അബ്ദുസലാം ഒടുങ്ങാട് ഇസ്സയിൻ (വിഷ വൈദ്യർ) പനക്കൽ കുട്ടൻ വൈദ്യർ (തോട്ടുമുക്കം) തുടങ്ങിയവരായിരുന്നു അവരിൽ പ്രമുഖർ. ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ഗുരുതരരോഗം ബാധിച്ചവരെ തോണിയിൽ കയറ്റി ഫറോക്കിലോ മറ്റോ എത്തിച്ചായിരുന്നു ചികിത്സിച്ചിരുന്നത്.

1972 ൽ കൊടിയത്തൂരിൽ സ്ഥാപിതമായ ഗവ:റൂറൽ ഡിസ്പൻസറി ( ഇന്നത്തെ കുടുബാരോഗ്യ കേന്ദ്രം) യാണ് ഈ അവസ്ഥക്ക് മാറ്റം വരുത്തിയത്. ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലാണ് ഈ ആശുപത്രി

ആരംഭിച്ചത്. എന്നാൽ സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന ജനകീയ പങ്കാളിതത്തിലൂടെയാണ് ഈ സ്ഥാപനം വളർന്നത്.1974 ൽ ജനങ്ങൾ വില കൊടുത്തത് 70 സെന്റ് ഭൂമിയിൽ മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന്റെ സഹായത്തോടെ ജനങ്ങൾ തന്നെ 1976 ൽ ഇന്നത്തെ ഒ.പി. ബ്ലോക്ക് പണികഴിപ്പിച്ചു. 1981 ൽ നിർമ്മിച്ച 10 ബെഡ്ഡുള്ള അഡ്മിഷൻ ബ്ലോക്ക് കൊടിയത്തൂരിലെ പാവപ്പെട്ട ജനങ്ങൾ റേഷൻ പഞ്ചസാര വരെ സംഭാവനന ൽകിയാണ് പൂർത്തീകരിച്ചത്. 1983 ചെറുവാടിയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർകൂടി സ്ഥാപിതമായി. ഇതിനാവശ്യമായ ഒരു ഏക്കർ സ്ഥലം ജനങ്ങൾ വിലക്ക് എടുത്തതാണ്. എന്നാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ തോട്ടുമിക്കം മുതൽ ഗോതമ്പ് റോഡ് വരെയുള്ള പ്രദേശങ്ങളിൽ ഇന്നും യാതൊരുവിധ ചികിത്സാ സൗകര്യങ്ങളുമില്ല.

നമ്മുടെ പഞ്ചായത്ത് മഴക്കാലത്ത് വെള്ളപ്പൊക്കമൂലം ഒറ്റപ്പെട്ടുപോവുന്നു. അതുകൊണ്ട് തന്നെ മറ്റുപ്ര ദേശങ്ങളെ  പപേക്ഷിച്ച് മാരകമായ ജലജന്യ രോഗങ്ങളും മലേറിയ പോലുള്ള പ്രാണിജന്യ രോഗങ്ങളും പെ ട്ടെന്ന് പടർന്ന് പിടിക്കുന്നു. കിടത്തി ചികിത്സയുള്ള ആശുപത്രികൾ സർക്കാർ തലത്തിലോ, സ്വകാര്യരംഗത്തോ നിവിലില്ലാത്തത് പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു.

1995 ൽ 47505 പേർ നമ്മുടെ ആശുപത്രിയിൽ ചികിത്സക്കെത്തി. എന്നാൽ ഇതിൽ കൂടുതൽ പേർ മുക്കത്തോ പരിസര പ്രദേശങ്ങളിലോ ചികിത്സ തേടിയിടുണ്ട്. നമ്മുടെ സൗകര്യങ്ങളുടെ പരിമിതിയാണ് ഇത് കാണിക്കുന്നത്. പഞ്ചായത്തിലെ ജനന നിരക്ക് 18.8 ഉം മരണനിരക്ക്2.6 ആണ്. ശിശുമരണനിരക്ക് 2.3 മാത്രമാണ്. ശരാശരി കുടുംബവലിപ്പം 7 ആണ്. നമ്മുടെ പഞ്ചായത്തിൽ ഒരു കുഷ്ഠരോഗി ഉള്ളു.

പൊതു മരണനിരക്കിലും കേരളശരാശരിയേക്കാൾ വളരെ താഴെയാണെന്നത് ചികിത്സാരംഗത്ത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾപലർത്തുന്ന ഉയർന്ന നിലവാരത്തെയാണ് സൂചിപ്പിക്കുന്നത്. ജനസംഖ്യാനിരക്കിൽ കേരള ശരാശരിയേക്കാൾ അല്പം മുമ്പിലാണ്.

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൊടിയത്തൂർ കുടുബാരോഗ്യ കേന്ദ്രം, ഗവ: ആയുർവേദ ആശുപത്രി ഗോതമ്പറോഡ് ഗവ. ഹോമിയോ ഡിസ്പൻസറി പന്നിക്കോട് എന്നിവ പ്രവർത്തിക്കുന്നു. ചെറുവാടി സി.എച്ച്.സിയുടെ കീഴിൽ 7 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

പാലിയേറ്റീവ് പരിചരണ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ച പഞ്ചായത്താണ് കൊടിയത്തൂർ ലോകത്ത് ഗ്രാമീണ മേഖലയിൽ രോഗികൾക്ക് 24 മണിക്കൂറും പാലിയേറ്റീവ് സേവനം നൽകുന്നത് കൊടിയത്തൂരിൽ മാത്രമാണ് . ലോക പാലിയേറ്റീവ് അസോസിയേഷൻ പ്രസിഡണ്ട് ഐറിൻ എൽ ക്രോക്കർ കൊടിയത്തൂരിൽ നേരിട്ട് എത്തിയാണ് ഈ കാര്യം അറിയിച്ചത് ഇനിയും ഒട്ടേറെ കാര്യങ്ങൾ രോഗികൾക്ക് വേണ്ടി ചെയ്യാമുണ്ട്.

# കുടിവെള്ളം ശുചിത്വം

ചാലിയാർ, ഇരുവഴിഞ്ഞി എന്നീ പുഴകൾ പഞ്ചായത്തിന്റെ അതിരുകളിലൂടെ കടന്നുപോകുന്നു. കൂടാതെ തോട്ടുമുക്കത്ത് മലപ്പുറം ജില്ലയുടെ പരിധിയിലുള്ള ചെറു പുഴയും ഉണ്ട്. 8 തോടുകൾ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. പഞ്ചായത്തിൽ നൂതനമായ ഒട്ടേറെ കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പോലും പൊതുവായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇപ്പോഴും പ്രയാസങ്ങൾ നേരിടുന്നു. മിക്ക കുടിവെള്ളപദ്ധതികളും പൂർണ്ണമായോ, ഭാഗികമായോ പ്രവർത്തനരഹിതമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയോ, പുനരുദ്ധരിക്കുകയോ ചെയ്തിട്ടുപോലും ഈ മേഖലയിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. മാലിന്യനിർമ്മാർജ്ജന രംഗത്ത് ഒരു പദ്ധതിപോലും ആവിഷ്കരിക്കാൻ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ 71 പൊതുകണറുകളും, 43 കുളങ്ങളും ഉണ്ട്. പ്രധാനപ്പെട്ട 2 കുടിവെള്ള പദ്ധതികളും 18 ചെറുകിട കുടുവെള്ള പദ്ധതികളും പ്രവർത്തിക്കുന്നു. 1504 മൊത്തം ഗുണഭോക്താക്കൾ ശരാശരി 58 കുടുംബങ്ങൾക്ക് പദ്ധതി ഉപയോഗിക്കുന്നു. മിക്ക കുടിവെള്ള പദ്ധതികളും ഗുണഭോക്താക്കൾക്ക് നടത്തിപ്പിനായി വിട്ടുകൊടുത്തതാണ്.

ഈ മേഖലയിൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ ചെയ്ത പ്രവർത്തികൾ പൂർണ്ണമായും വിജയകരമായി പിന്തുടരുന്നതിന് സാധിച്ചിട്ടില്ല. മിക്ക പ്രവർത്തികളും മോട്ടോർ കേടാവുകയോ നിരന്തരമായി പൈപ്പ് ലൈനുകൾ പൊട്ടുന്നതുകൊണ്ടോ അല്ലെങ്കിൽ വൈദ്യുതി ബിൽ അടവാക്കുന്നതിന് ഗുണഭോക്തകൾക്ക് സാധിക്കാത്തതിനാൽ നിന്നുപോവുകയോ ചെയ്തിട്ടുണ്ട്. കൂളിമാട് പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ

ജല വിതരണ സംവിധാനം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലേക്ക് ദീർഘിപ്പിക്കുകയാണ് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള ഏക പരിഹാര മാർഗ്ഗം.

# വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

സർക്കാർ മേഖലയില 7 ഉം എയിഡഡ് വിഭാഗത്തിൽ 4ഉം സ്ഥാപനങ്ങൾ ഉണ്ട്. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ തകർന്നു തുടങ്ങിയ പന്നിക്കോട് ജി.എൽ.പി കാരക്കുറ്റി ജി.എൽ.പി ചുള്ളിക്കാപറമ്പ് ജി. എൽ.പി സ്കൂൾ എന്നിവയെ പഞ്ചായത്ത് വിവിധ കാലങ്ങളിൽ ഏറ്റെടുത്ത് നവികരിച്ചു. 2002 ഏപ്രിൽ മാസത്തിലാണ് പന്നിക്കോട് ജി.എൽ.പി സ്കൂളിനായി പിടിഎ സഹകരണത്തോടെ 30 സെന്റ് സ്ഥലം വാങ്ങി പഞ്ചായത്തിന്റെയും എസ് എസ് എയുടെയും സഹായത്തോടെ കെട്ടിടം തീർത്തു 1959 ൽ ആരംഭിച്ച കാരക്കുറ്റി സ്കൂളിന് വേണ്ടി 21.5 സെന്റ് സ്ഥലം ജനപംങ്കാളത്തതോടെ ഈ കാലത്ത് തന്നെ പണിയെടുക്കുകയും കെട്ടിടം പണി പൂർത്തീകിക്കുകയും ചെയ്തു.കാരക്കുറ്റി സ്കൂളിൽ 2 ക്ലാസ് മുറികൾ സഹായത്തോടെ പണിതതും കൊടിയത്തൂർ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ രംഗത്ത് ഈ പദ്ധതികൾ ഒരു ദീപസ്തംഭമായി നിലകൊള്ളുന്നു. ഇതേ പാത പിന്തുടർന്ന് ചില്ലിക്കാപമ്പ് ജി.എൽ.പി സ്കൂളിനള്ള സ്ഥലം ജനപങ്കാളിത്തതോടെ ലഭ്യമാക്കി ആധുനിക കെട്ടിടം പണി പൂർത്തീകരിച്ചു. സ്വന്തമായി സ്ഥലവും ഉറപ്പും ഭംഗിയുള്ള കെട്ടിടങ്ങളും ഈ സ്കൂളുകളുടെ തകർച്ചയിൽനിന്നും മോചിപ്പിച്ചു. പൊതുവിദ്യാഭ്യാസസംരക്ഷണത്തിന്റെ അനന്യമാതൃകകളായി പഞ്ചായത്തിൽ എന്നും ഈ വിദ്യാലയങ്ങൾ ഉയർന്നുനിൽക്കും.

2000 – 2005 കാലത്ത് സ്കൂൾവിദ്യാർത്ഥികൾക്ക് നടത്തിയത് സംസ്ഥാനത്ത് തന്നെ മാതൃകയാകാൻ സഹായിച്ചു. തെളിച്ചം സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തി നിരവധി വിദ്യാലയങ്ങൾക്ക് ഡിജിറ്റൽ ക്ലാസ്റൂം സൗകര്യങ്ങൾ നടപ്പായി. സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തെ മികച്ച വിദ്യാഭ്യാസ പ്രവർത്തനമായി അംഗീകരിച്ച് 5 ലക്ഷം രൂപ സമ്മാനമായി കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. തേലീരി മുഹമ്മദ് സാഹിബിന്റെ കുടുംബം സൗജന്യമായി നൽകുകയും ഗ്രാമപഞ്ചായത്തും.SSKയും ചേർന്ന് ചുള്ളിക്കാപറമ്പ് ജി .എൽ .പി സ്കൂളിന് കെട്ടിടം പണിയുകയും ചെയ്തു കൊടിയത്തൂർ ജി.എം.യു.പി സ്കൂളിന് 2013ൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 31 സെന്റ് സ്ഥലം അക്വയർ ചെയ്ത് കൊടുത്ത് കളിസ്ഥലം ഒരുക്കിയതാണ് തിളക്കമുള്ള മറ്റൊരു നേട്ടം

ഗ്രാമപഞ്ചായത്തിൽ ഇന്ന് വിദ്യാഭ്യാസരംഗത്ത് കാര്യമായ പ്രതിസന്ധികൾ നിലവിലില്ല. എന്നാൽപോലും പൊതുവിദ്യാഭ്യാസത്തെ സ്വീകരിക്കുന്നതിൽ ജനങ്ങൾ കാണിക്കുന്ന സമീപനം മാറേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കണം എന്ന നമ്മുടെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് അതിവേഗം സഞ്ചരിക്കേണ്ടതുണ്ട്. അതിനായി പഞ്ചായത്തിനു ചെയ്യാൻ കഴിയുന്ന മുഴുവൻ പദ്ധതികളും നടപ്പാക്കും. മികച്ച അധ്യാപകരും ഇതര ഉദ്യോഗസ്ഥരും നമുക്കുണ്ട്.

സർക്കാർ മേഖലയിൽ പി.ടി.എ കമ്മിറ്റികൾ പ്രവർത്തിക്കുന്ന 4 പ്രീ പ്രൈമറി സ്കൂളുകളും 4 ലോവർ പ്രൈമറി സ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും. 1 ഹൈസ്കൂളും അതിനോടനുബന്ധിച്ച് ഹയർസെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്നു. എയ്ഡഡ് മേഖലയിൽ 2 അപ്പർ പ്രൈമറകളും 2 ഹൈസ്കൂളുകളും അവയിൽ രണ്ടിടത്തും ഹയർസെക്കണ്ടറിയും പ്രവർത്തിക്കുന്നുണ്ട്. ഇതോടപ്പംതന്നെ അംഗീകരമില്ലാത്ത പ്രീപ്രൈമറികൾ 8 ലോവർ പ്രൈമറികൾ 4, അപ്പർ പ്രൈമറി 1 എന്നിവയുടെയും . സി.ബി.എസ്. ഇ സ്കൂളുകളായി ഒന്നാം തരംമുതൽ 12-ാം തരം വരെ 2 സ്കൂളുകളും പ്രവർത്തിക്കുന്നു.

പ്രീപ്രൈമറി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നില മെച്ചപ്പെട്ടിട്ടുണ്ട് എന്നിരുന്നാലും വേണ്ടത്ര കളിക്കോപ്പുകളോ , പാർക്കുപോലുള്ള വിനോദ ഇടങ്ങളോ ഇല്ല. ശിശു സൗഹൃത ക്ലാസ് മുറി എന്നിവ കടമ്പ കടക്കാൻ സാധിക്കുന്നില്ല. ശിശുസൗഹൃദ ടോയ്കളും പഠന ഉപകരണങ്ങൾ ഫർണ്ണീച്ചർ നമുക്ക് ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. പതിനൊന്നു സ്കൂളുകളിലായി 202 അധ്യാകർപഠിപ്പിക്കുന്നു.
8 ശ ുചീകരണതൊഴിലാകളും15 പാചക തൊഴിലാളികളും ഉണ്ട്. ഏഴ് ശുചീകരണ തൊഴിലാളികളുടെയും ആവശ്യം നിലനിൽകുന്നുണ്ട്.

തോട്ടുമുക്കത്തെ രണ്ടുസ്കൂളുകൾക്കാണ് ഭേദപ്പെട്ട കളിസ്ഥലങ്ങൾ നിലവിലുള്ളത്. പന്നിക്കോട്ടെ എ.യു.പി . സ്കൂളിന്റെ നവീകരണംനടന്നു കഴിയുമ്പോൾ ഒരു മികച്ച കളിസ്ഥലം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ഒന്നോ,രണ്ടോ സ്കൂളിലൊഴികെ കളിസ്ഥലം നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമല്ല എന്നത് ഒരു പ്രധാന വെല്ലുവിളിയാണ്. നാല് വിദ്യാലയങ്ങൾക്ക് ഭാഗികമായി ചുറ്റുമതിലുണ്ട്. എന്നാൽ മറ്റുള്ളവക്ക് ചുറ്റുമതിലോ സംരക്ഷണ ഭിത്തിയോ നിലവിലില്ല. നാല് വിദ്യാലയങ്ങൾക്ക് സ്റ്റേജ് ഉണ്ട് . ഒന്നിനുപോലും ഓഡിറ്റോറിയം , നീന്തൽകുളം എന്നിവയില്ല. കുട്ടികൾക്കാവശ്യമായ കളി ഉപകരണങ്ങൾ , കർട്ടനുകൾ എന്നിവയും നാല് സ്കൂളുകൾക്ക് മൈക്ക്സെറ്റുണ്ട്. മൂന്ന് സ്കൂളുകൾക്ക് മാത്രമെ സ്കൂൾ വാഹനം ഉള്ളു.

മുൻകാലങ്ങളിൽ നടപ്പാക്കിയ ഭൂമി ഏറ്റെടുക്കൽ പദ്ധതികളും ചുരുക്കം ചില ക്ലാസ്റൂം നവീകരണ പദ്ധതികളുമാണ് പൂർണ്ണമായ അർത്ഥത്തിൽ വിജയിച്ചുള്ളൂ. ഇന്നും പദ്ധതികൾ നിലനിൽക്കുന്നു. മകച്ച നിലവാരത്തിലെത്തിയ കുട്ടികൾക്ക് ക്യാഷ് അവാഡ് വിതരണവും, എസ്. എസ്. എൽ.സി നൂറുമേനി വിജയം പദ്ധതിയുമെല്ലാം വിജയകരമായി പൂർത്തീകരിച്ചു.

# പൊതുമരാമത്ത് (വൈദ്യുതിയും, ഊർജ്ജം ഉൾപ്പെടെ)

കോഴിക്കോട് നഗരത്തിൽ നിന്ന് 27 കീ.മി കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, കുന്നും മലയും താഴ്വരകളും നെൽപ്പാടങ്ങളും അടങ്ങിയ ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്ത് 29.81 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ളതാണ്. പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിലൂടെ ചെറുപുഴ ഒഴുകന്നു, തെക്ക് വശത്ത് കീഴ്പ്പറമ്പ് പഞ്ചായത്തും, പടിഞ്ഞാർ അതിർത്തിയിലൂടെ ഇരുവഞ്ഞിപ്പുഴ ഒഴുകുന്നു.

പഞ്ചായത്തിലെ റോഡുകളെല്ലാം വർഷങ്ങൾക്ക് മുമ്പെ നിർമ്മിച്ചതാണ്. റോഡരികിലെ വൻ തണൽ മരങ്ങളും വീതി കൂടിയ റോഡുകളും ഈ റോഡുകളും ഈപഞ്ചായത്തിന്റെ പ്രത്യേകതയാണ്. ജനകീയാസൂത്രണ കാലം മുതൽ റോഡുകളുടെ കാര്യത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമത്തിന്റെ മുഴുവൻ പ്രദേശങ്ങളിലേക്കും വ്യാപിച്ച റോഡ് ശൃംഘല പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

പഞ്ചായത്തിൽ 130.90 കീ.മീറ്റർ റോഡുകൾ ടാർ ചെയ്തവയാണ് 31.3 മീറ്റർ റോഡുകൾ സോളിംഗ് ചെയ്തവയാണ്. 48.63 കീ.മീറ്റർ റോഡുകൾ മൺപ്പാതകളാണ്.17.4 കീ.മീറ്റർ കോൺക്രീറ്റ് ചെയ്ത റോഡുകളുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിച്ച് കൈവശം വെച്ചു പോരുന്ന റോഡുകൾ ഇതിന് പുറമെയാണ്. 12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ 228.25 കീ.മീറ്റർ റോഡുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിയി വ്യാപിച്ചു കിടക്കുകയാണ്. വാർഷിക തനത് പദ്ധതികൾക്ക് പുറമെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ റോഡുകൾ സോളിംഗ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗൃഹാതുരത്തം ഉണർത്തുന്ന 40.75 ഓളം കീ. മീറ്റർ നീണ്ട ഇടവഴികൾ ഈ പഞ്ചായത്തിലുണ്ട്. ഇടവഴികൾ 75% ത്തോളം ഗതാഗത യോഗ്യമാണ്.

പഞ്ചായത്തിൽ വ്യാപിച്ചു കിടക്കുന്ന റോഡുകൾ വികസന മുന്നേറ്റത്തിന്റെ അടയാളങ്ങളാണ്. വർഷങ്ങൾക്ക് മുമ്പ് സോളിഗ് നടത്തിയ ചില റോഡുകൾ ടാറിംഗ് പൂർത്തീകരിക്കാത്തത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിന്റെ പ്രഭാവ സ്ഥാനംമുതൽ അവസാനം വരെ ടാറിംഗ് പൂർത്തിയാക്കാത്തതും പോരായ്മയാണ്. മിക്ക റോഡുകളും 40 ഉം 50 ഉം മീറ്റർ ചെമ്മണ്ണായി കിടക്കുന്നത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. പി.ഡബ്ലിയു.ഡി ഉടമസ്ഥതയിലുള്ള ചില റോഡുകൾ ഇപ്പോഴും ഗതാഗത യോഗ്യമല്ല. പഞ്ചായത്തിന്റെ വിവിധ പദ്ധതി ചെലവിന്റെ 60 ശതമാനത്തോളം ചെലവഴിക്കുന്നതും റോഡ് നിർമ്മാണത്തിനും വികസനത്തിനുമാണ്. ശാസ്ത്രീയ രീതിയിൽ നമ്മുടെ റോഡുകൾ സംരക്ഷിച്ചാൽ ഇടയ്ക്കിടെ ഉണ്ടാകുന്ന അറ്റകുറ്റപണികളും അനുബന്ധ ചിലവുകളും പരിഹരിക്കാൻ കഴിയും. ഈ രംഗത്തെ ന്യൂനതകൾ പരിഹരിക്കാനായി പൂർത്തീകരിക്കാതെ കിടന്ന 75% റോഡുകളും ടാറിംഗ് പൂർത്തിയാക്കി ഗതാകതയോഗ്യമാക്കി. കാലവർഷക്കെടുതിയിൽ മിക്കറോഡുകളും വളരെ വേഗം അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്നതിനാൽ അത്തരം മേഖലകളിൽ കോൺക്രീറ്റ് റോഡുകൾക്ക് മുൻഗണന കൊടുത്തുകൊണ്ടാണ് പ്രവർത്തിക്കുന്നത്. 2018-19 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർസ്ഥാപിക്കുന്ന പ്രവൃത്തിയും ഏറ്റടുത്തിട്ടുണ്ട്.

# പ്രാദേശിക സാമ്പത്തിക വികസനം

ചെറുകിട വ്യവസായ രംഗത്ത് കാര്യമായി ഒരു പ്രവർത്തനവുമില്ലാത്ത കൊടിയത്തൂരിൽ ഒരു മിനി ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടികളെടുക്കും. വിഷരഹിത പച്ചക്കറി, മറ്റു നിത്യോപയോഗ പദാർത്ഥങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്ന പദ്ധതി, പ്രവാസികളുടെ സഹകരണത്തോടെ ചെറുകിട വ്യവസായ യൂണിറ്റുകൾക്കുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കും. നോർക്കയുമായി ചേർന്ന് തൊഴിൽ നൈപുണ്യ പരിശീലനം, പ്രവാസികളുമായി സഹകരിച്ച് തിരിച്ചു വരുന്ന പ്രവാസികൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയും നടപ്പാക്കും.

ഊർജ്ജ നിർമ്മാണം പോലെത്തന്നെ പ്രസക്തമാണ് ഊർജ്ജ സംരക്ഷണവും എന്ന വസ്തുതയിലൂന്നി എൽ.ഇ.ഡി ബൾബുകൾ വ്യാപകമാക്കാൻ പദ്ധതി, വനിതകളുടെ ഒരു എൽ.ഇ.ഡി നിർമ്മാണ കേന്ദ്രം സ്ഥാപിക്കും. സോളാർ സംവിധാനം വീടുകളിൽ നിർദ്ദേശിക്കും, സ്ട്രീറ്റ് ലൈറ്റുകൾ സോളാറിൽ പ്രവർത്തിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കും.

# സാമൂഹ്യ നീതി

വയോജനങ്ങൾക്കും അംഗപരിമിതതർക്കുമായി പുതിയ പദ്ധതികൾ നടപ്പാക്കും. വയോജനങ്ങൾക്ക് 5% ഫണ്ട് നീക്കി വെക്കും, സൗജന്യമരുന്ന് വയോ ക്ലബ് എന്നിവക്കും പദ്ധതികൾ തയ്യാറാക്കും. സർവ്വോപരി വയോജന സൗഹൃദ ഗ്രാമമാക്കി കൊടിയത്തൂരിനെ മാറ്റി തീർക്കേണ്ടതുണ്ട്.

വിദ്യാർത്ഥികളായ അംഗപരിമിതർക്ക് സ്കോളർഷിപ്പുകൾ, പ്രത്യേക വികസന പദ്ധതികൾ നടപ്പാക്കും സ്വയം തൊഴിൽ പദ്ധതികൾ വാഹനങ്ങൾ, തുടങ്ങിയവയും നടപ്പിലാക്കും. പാലിയേറ്റീവ് സഹായങ്ങൾ കാര്യക്ഷമമാക്കും, നിത്യ രോഗികൾ, ശയ്യാവലംബരായ ആളുകൾ തുടങ്ങിയവർക്ക് ചികിത്സാ സഹായം, സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം തുടങ്ങി വിവിധപരിപാടികൾ നടപ്പിലാക്കും.

# ദാരിദ്ര്യ ലഘൂകരണം

ഭവന പദ്ധതികൾ സർക്കാറിന്റെ ലൈഫ് പാർപ്പിട പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 1ാം ഘട്ടമായി 5വീടുകളും, 2ാം ഘട്ടത്തിൽ 66 വീടുകളും പൂർത്തീകരിച്ചു. 3ാം ഘട്ടത്തിനാവശ്യമായ പണം 2025-26 വാർഷിക പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

# പൊതുഭരണം - ധനകാര്യം

പഞ്ചായത്ത് ഭരണ കേന്ദ്രം എന്ന നിലയിൽ ഡിജിറ്റലയിസ്ഡ് ചെയ്യും പഞ്ചായത്താപ്പീസിനെ ഐ.

എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തിയെടുത്തിട്ടുണ്ട് അഴിമതി രഹിത ഭരണം കാഴ്ച വെക്കാൻ പ്രതിജ്ഞാബന്ധമാണ് ഭരണ സമിതി. അതിനാൽ തന്നെ അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം ഉണ്ടാക്കും. വിവിധ കോളനികളിലെ പട്ടയ പ്രശ്നം, കോളനികളാ പതിച്ചു നൽകൽ പുതിയ ആസ്തികൾ സൃഷ്ടിക്കൽ, വിഭവ ഭൂപടം തയ്യാറാക്കൽ എന്നിവയിൽ സത്വര നടപടിയെടുക്കുയും പരമാവധി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കും. ഈ പദ്ധതികളിലൂടെ ഒരു പുതിയ പഞ്ചായത്ത് ഭരണം. എല്ലാവർക്കും വേണ്ടിയുള്ള ഉത്തരവാദിത്വ ഭരണം സ്ഥാപിക്കും.

പ്രകൃതി വിഭവങ്ങളായ മണലിൽ നിന്നും വലിയ വരുമാനമുണ്ടാക്കിയിരുന്ന പഞ്ചായത്താണ് നമ്മുടേത്. നിലവിൽ മണൽ ഖനനം നടക്കാത്തതിനാൽ തനതു വരുമാനത്തെ സാരമായി ബാധിച്ചിട്ടുമുണ്ട്. തനതു ഫണ്ടുകൾ മുൻ കാലങ്ങളിൽ പദ്ധതി നിർവഹണത്തെകാര്യമായി സഹായിച്ചു പോന്നു. വ്യവസായങ്ങളോ മറ്റു വലിയ തോതിലുള്ള നികുതി വരുമാന മാർഗങ്ങളോ ഇല്ലാതിരുന്ന പഞ്ചായത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ് പദ്ധതിപ്പണവും വിവിധ ഗ്രാന്റുകളും തനതു ഫണ്ടുകളുമായിരുന്നു. ഇന്നു സ്ഥിതിഗതികൾ മാറി മറിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ഐ.എ.വൈ പദ്ധതി സർക്കാർ എടുത്ത് കളഞ്ഞ് പകരം താരതമ്യേന ഫണ്ടു കുറവും നിയന്ത്രണവുമുള്ള പി.എം.എ.വൈ പദ്ധതിയായി. അംഗൻവാടികൾക്കുള്ള ഭക്ഷണ വിഹിതം 50% കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. അഗൺവാടി വർക്കർമാരുടെയും, ഹെൽപർമാരുടെയും വർദ്ധിപിച്ച ഹോണറേറിയം പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തിയാണ് നൽകിവരുന്നത്. ഈയിനത്തിലെ ബാധ്യതകളും പഞ്ചായത്തുകളോട് ഏറ്റെടുക്കാനാണ് നിർദ്ദേശം. ഇങ്ങനെയൊക്കെയാണെങ്കിലും പഞ്ചായത്തിന്റെ പൊതു വികസന പരിപാടികൾക്കുള്ള പണം കണ്ടെത്തുക പ്രയാസകരമായിരുന്നില്ല. എന്നാൽ കൂനിൻമേൽ കുരു എന്ന മട്ടിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നമുക്കുണ്ടായി വന്ന സാമ്പത്തിക ബാധ്യതയെപ്പറ്റി സൂചിപ്പിക്കാതെ സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്താൻ സാധിക്കില്ല.

# വിദ്യഭ്യാസം

സ്കൂൾ വിദ്യാഭ്യാസത്തിനപ്പുറത്ത് പ്രധാനപ്പെട്ട സ്ഥാപനങ്ങളൊന്നും തന്നെയില്ലാത്ത പഞ്ചായത്താണ് കൊടിയത്തൂർ എന്നാൽ പരിസര പ്രദേശങ്ങളെ അപേക്ഷിച്ച് ആദ്യമായി പ്രഥമിക വിദ്യാലയം സ്ഥാപിക്കുന്നത് 1914ൽ കൊടിയത്തൂരിലാണ്. ഇന്ന് വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ട് പോകാൻ ജനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഗതാഗത സൗകര്യങ്ങളും മെച്ചപ്പെട്ട ഗാർഹിക ചുറ്റുപ്പാടുകളും അവരെ അതിന് സഹായിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ രണ്ട് എയ്ഡഡ് ഹയർ സെക്കണ്ടറികളും പ്രവർത്തിക്കുന്നു. എൽ.പി., യു.പി., ഹൈസ്കൂളുകൾ ഇന്ന് മോശമല്ലാത്ത വിധം പ്രവർത്തിക്കുന്നുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട കാരക്കുറ്റി എൽ.പി.യേയും പന്നിക്കോട് എൽ.പി.യേയും പഞ്ചായത്ത് സംരക്ഷിച്ചത് എക്കാലത്തേയും മികച്ച പ്രവർത്തനമാണ്. പിന്നീട് ചുള്ളിക്കാപ്പറമ്പ്, കൊടിയത്തൂർ തുടങ്ങിയ സ്കൂളുകൾക്കും ഭൗതിക സൗകര്യങ്ങളൊരുക്കാൻ പഞ്ചായത്തിയത്തിന് സാധിച്ചു. 1978ൽ കൊടിയത്തൂരിലും 1983ൽ തോട്ടുമുക്കത്തും 2011ൽ ചെറുവാടിയിലുമാണ് ഹൈസ്കൂൾ സ്ഥാപിതമായത്. 4 എൽ.പി., 4 യു.പി., 3ഹൈസ്കൂൾ എന്നിങ്ങനെ ഗവ. എയഡഡ് മേഖലകളിൽ 11 സകൂൾ പ്രവർത്തിക്കുന്നു. അവയോടനുബന്ധിച്ച് 7 പ്രീപ്രൈമറികളും പ്രവർത്തിക്കുന്നു.

ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മികച്ച പഠനാന്തരീക്ഷവും ഭൗതിക സൗകര്യവുമുള്ള സർക്കാർ സ്കൂളുകൾ കൊടിയത്തൂരിൽ ഉണ്ട് എന്നത് അഭിമാനകരമാണ്. എങ്കിലും അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിലും പുതിയ അഡ്മിഷന്റെ കാര്യത്തിലും പ്രശ്നങ്ങൾ നിലനിൽക്കുന്നു. "പൊതു വിദ്യാഭ്യാസസംരക്ഷണം" എന്ന ലക്ഷ്യമാണ് നമ്മുടെ പദ്ധതികളുടെ കാതൽ. ഒരു കുട്ടി പോലും സ്കൂളിൽ വരാതിരിക്കുന്ന സാഹചര്യമില്ലാതിരിക്കുക, പ്രഥമിക വിദ്യാലയങ്ങളുടെ സൗകര്യങ്ങളും പഠനാന്തരീക്ഷവും മെച്ചപ്പെടുത്തി പ്രവേശനം വർദ്ധിപ്പിക്കുക. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരം യോഗ, സൈക്ലിംഗ്, നീന്തൽ പരിശീലന കേന്ദ്രങ്ങൾ SPC ക്യാമ്പ് തുടങ്ങി ഒട്ടനേകം പദ്ധതികൾ മുന്നോട്ട് വെയ്ക്കുന്നു. ഒപ്പം പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ആകർഷങ്ങളായ പഠന വീട്, മത്സരപരീക്ഷ, സഹായ കേന്ദ്രങ്ങൾ, ലാപ്ടോപ്പ് നൽകൽ, പഠനോപകരണങ്ങൾ നൽകൽ തുടങ്ങിയവയും മുൻപദ്ധതികളിൽ നടപ്പിലാക്കിയിരുന്നു.

# സമഗ്ര ഗതാഗത വികസന

ടിപ്പുസുൽത്താന്റെ പീരങ്കിപ്പട കടന്നുപോയി നിർമ്മിതമായ 'ഗൺ' റോഡുകളാണ് പഞ്ചായത്തിലെ ആദ്യകാലത്തെ റോഡുകൾ ചരിത്രം പേറുന്ന ഒരു ഭൂമികയുടെ ഭരണാധികാരികൾക്ക് കുതിര വണ്ടിയുൾപ്പെടെയുള്ള ഗതാഗത മാർഗങ്ങൾക്കും റോഡുകൾ അനുവാര്യമായിരുന്നു. എന്നാൽ പുഴകളതിരിടുന്നതിനാൽ പാലങ്ങൾ നിർമിക്കപ്പെട്ടതോടെയാണ് പഞ്ചായത്തിന്റെ ഗതാഗത സ്വപ്നങ്ങൾ പൂവണിഞ്ഞത്. കൂളിമാട് കടവിലും, തെയ്യത്തും കടവിലും പാലങ്ങൾ വന്നതോടെ ജന ജീവിതം കൂടുതൽ മെച്ചപ്പെട്ടു വന്നു.കിഴക്കൻ മലയോര മേഖലകളിൽ പിന്നെയും കാലങ്ങൾ വേണ്ടിവന്നു റോഡുകൾ നിർമ്മിക്കാൻ. തോട്ടുമുക്കത്ത് നിന്ന് ഭേദപ്പെട്ട റോഡ് ഉണ്ടാക്കുന്നത് അരീക്കോട്ടേക്ക് ആയിരുന്നു. ഇന്ന് സ്ഥിതി മാറി മുക്കത്ത് നിന്ന് പാറത്തോട് വഴിയും ഗോതമ്പറോഡ് നിന്നും വാലില്ലാപ്പുഴയിൽ നിന്നും ഒട്ടേറെ റോഡുകൾ തോട്ടുമുക്കത്തിന്റെ പുരോഗതിക്ക് സാക്ഷിയായി.

നേരത്തെ 'ഗൺ' റോഡായി നിർമ്മിച്ചവ ഇന്ന് സ്റ്റേറ്റ് ഹൈവേയായും എരഞ്ഞിമാവ് കൂളിമാട് റോഡ് കോഴിക്കോട്ടേക്കുള്ള എളുപ്പവഴിയായും മാവായി, കവിലിട, എയർപോർട്ട് റോഡുമൊക്കെയായി പഞ്ചായത്തിന്റെ ഗതാഗത ഭൂപടം തന്നെ പുരോഗമിച്ചു. പ്രധാനറോഡുകളെല്ലാം പി.ഡബ്ല്യൂ.ഡിയോ ജില്ലാപഞ്ചായത്തിന്റെയോ അധീനതയിലാണ്. ഏതാണ്ട് 100കി.മി. ദൂരം വരുന്ന 112 ഗ്രാമിണ റോഡുകളാണ് പഞ്ചായത്തിനുള്ളത്.

പല പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നതാണ് റോഡുകൾ തകരാനുള്ള കാരണം. റോഡ് വീതി കൂട്ടാനാവശ്യമായ സ്ഥലം ലഭിക്കാത്തതും പ്രതിസന്ധിയാണ്. ഡ്രൈനേജ് നിർമിച്ച് ഇത് പരിഹരിക്കാം. ശാസ്ത്രിയവും അഴിമതി രഹിതമായ പ്രവർത്തികൾ നടത്തി സംരക്ഷിക്കാനുള്ള പദ്ധതികളുണ്ടാക്കും. അത്തരം അനുഭവങ്ങൾ നമുക്കുണ്ട്. പ്രധാന പഞ്ചായത്ത് റോഡുകൾ തന്നെ വീതി കൂട്ടി, കോൺക്രീറ്റ്, പേവിംഗ് എന്നിവയിലൂടെ നിലനിർത്തി സംരക്ഷിക്കും. സുസ്ഥിരമായ റോഡു വികസന നയം പാലിക്കാൻ പദ്ധതികൾ കാലനുസൃതം തയ്യാറാക്കി നടപ്പിലാക്കും.

റോഡ് പരിപാലന സമിതി, റോഡ് മാപ്പിംഗ്, രജിസ്ട്രറിംഗ് എന്നിവ സമയ ബന്ധിതമായി പൂർത്തിയാക്കും, ആവശ്യമായ ഇടങ്ങളിലെല്ലാം റോഡുകൾ, ബസ് വെയ്റ്റിംഗ് ഷെഡ്, പന്നിക്കോട് ചുള്ളിക്കാപറമ്പ് ബസ് ഷെൽട്ടറുകൾ പൂർത്തികരിക്കാൻ പദ്ധതികളാവിഷ്കരിക്കും.

# വിദ്യാഭ്യാസം - സംസ്കാരം-കല - യുവജന പദ്ധതി

ജന്മി-നാടുവാഴി ദുഷ് പ്രഭുത്വത്തിനെതിരെ പടപൊരുതി ചരിത്രമായവർ ഉറങ്ങുന്ന കൊടിയത്തൂരിന്റെ മണ്ണിൽ വിവിധ മത വിഭാഗങ്ങൾ കൂട്ടമായി ജീവിച്ചുവരികയും അവർ തമ്മിലുള്ള സ്നേഹവും സഹവർത്തിത്വവും നിലനിന്നു പോരുന്നു. ചെറുവാടിക്കും കൊടിയത്തൂരിനും പന്നിക്കോടിനും തോട്ടുമുക്കത്തിനും വെവ്വേറെ ചരിത്രമുണ്ടെങ്കിലും ആ സംസ്കാരങ്ങൾ തമ്മിൽ ശങ്കലേശമില്ലാത്ത ഇണക്കങ്ങളുമുണ്ട്.

ഒട്ടറേ ആരാധനാലയങ്ങളും മത സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും ക്ലബുകളും സ്വയം സഹായ സംഘങ്ങളും സജീവമായി പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക രംഗത്ത് ഗ്രാമപഞ്ചായത്തിന്റെ സംഭാവനകൾ കേവലം ഒന്നോ രണ്ടോ സംസ്കാരിക നിലയങ്ങളിലൊതുങ്ങുകയാണ്.

ഇരുപത്തിനാലോളം ദിനപത്രങ്ങളും അമ്പതിലേറെ ആനുകാലികങ്ങളും ലഭ്യമായ വിവിധ സംഘടനകളുടെ വായനശാലകൾ നമുക്കുണ്ട്. പുരുഷന്മാരോളം തന്നെ സ്ത്രീകളും നല്ല വായനക്കാരണെന്ന് ചില സർവ്വെകൾ സൂചിപ്പിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളും പഞ്ചായത്തിൽ വളരെ സജീവമാണ്. അടുത്ത പ്രദേശങ്ങളിൽ നിന്നും വിഭിന്നമായി വളരെ നേരത്തെ തന്നെ കേബിൾ ടി.വി. സംവിധാനം ആരംഭിച്ചത് പന്നിക്കോട്ടാണ്.

സ്കൂൾ പഠനകാലത്ത് കല-കായിക-സംസ്കാരിക മത്സരങ്ങളിൽ പ്രതിഭ തെളിയിച്ച ഒട്ടേറെ ചെറുപ്പക്കാർ പഞ്ചായത്തിലുണ്ട്. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ മുരടിച്ചുപോയ ഒട്ടേറെ പ്രതിഭകൾ വേറെയുമുണ്ട്. ആ സ്ഥിതി മാറണം കലാ-കായിക-സംസ്കാരിക പരിപാടികൾ ജനതയുടെ ആത്മാവിഷ്കാര രംഗങ്ങളാവണം. സ്കൂളുകൾ, അംഗനവാടികൾ, കേരളോത്സവം, ഗ്രാമോത്സവങ്ങൾ, തുടങ്ങിയ തലങ്ങളിൽ പ്രതിഭകളെ പ്രോത്സഹിപ്പിക്കാൻ പദ്ധതികളാവിഷ്കരിക്കും.

ആവശ്യമായിടങ്ങളിൽ സ്ഥലം കണ്ടെത്തുന്ന മുറക്ക് കളിസ്ഥലം, കഥാ-കവിതാ-നാടക കാമ്പുകൾ ലൈബ്രറികൾക്ക് സഹായം, പഞ്ചായത്ത് തലസ്പോർട്സ് അക്കാദമി, സംസ്കാരിക സംഘടനകൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി സഹായങ്ങൾ തുടങ്ങി വിപുലമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കും. പഞ്ചായത്തി ലെ വിവിധ ഇടങ്ങളിൽ കളിസ്ഥലം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന് പദ്ധതിയുണ്ട്

## പട്ടികജാതി - പട്ടികവർഗ്ഗ വികസനം

കൊടിയത്തൂർ പഞ്ചായത്തിന്റെ ജനസംഖ്യയുടെ 8.03% പട്ടികജാതിക്കാരും 0.12 ശതമാനം പട്ടിക വർഗ്ഗങ്ങളുമാണുള്ളത്. 14 കോളനികളാണ് ഇവരിൽ 90% പേരും താമസിക്കുന്നത് 2 കോളനികൾ ഐ.എച്ച്.ഡി.പി. ഗണത്തിൽപെടുന്നു.

സാമൂഹിക രംഗത്ത് നേട്ടങ്ങളുണ്ടായെങ്കിലും വിദ്യാഭ്യാസവും സാമ്പത്തികവുമായ രംഗങ്ങളിൽ പുരോഗ തിയുണ്ടായിട്ടില്ല. വൈദ്യുതിയും റോഡും മിക്ക കോളനികളിലും എത്തിയിട്ടുണ്ടെങ്കിലും കുടുംബാരോഗ്യത്തിലും തൊഴിൽ രംഗത്തും വേണ്ടത്ര ഇടപ്പെടൽ ഉണ്ടായിട്ടില്ല. വിവിധ കാലങ്ങളിൽ ഈ മേഖലക്ക് വകവരുത്തിയ ഈ ഫണ്ട് ചിലവഴിക്കപ്പെട്ടത് അവരുടെ പിന്നോക്കവസ്ഥ പരിഹരിക്കുന്നതിന് കാര്യമായ സഹായകമായി രുന്ന പദ്ധതികളാവിശ്കരിച്ചിട്ടുണ്ട് സാമൂഹികവും സാമ്പത്തികമായ സമഗ്രപുരോഗതിക്ക് നട്പ്പു വർഷത്തിലും മെച്ചപ്പെട്ട ഗാർഹിക അന്തരീക്ഷമൊരുക്കുക എന്ന ലക്ഷ്യത്തോടെ ഭവന നിർമ്മാണം കാര്യക്ഷമമാക്കും. മാലിന്യ നിർമ്മാർജന സംവിധാനങ്ങൾക്കായി പദ്ധതിയുണ്ടാക്കും. മികച്ച പഠനനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് വിവിധ തലങ്ങളിൽ പ്രോത്സാഹനം, ശ്മശാന നവീകരണം, പോഷകഹാരത്തിന്റെ പാക്കേജ്, സ്വയം തൊഴിൽ സംരംഭകർക്ക് ധനസഹായം തുടങ്ങി മാതൃകാ പരമായ പദ്ധതികൾ ആവിഷ്കരിക്കും.

## വനിതാ- ശിശുക്ഷേമം

സാമൂഹിക സംസ്കാരിക രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരിച്ച ഈ കാലഘട്ടത്തിൽ കൊടിയത്തൂരിനെ സംബന്ധിച്ച് നേരത്തെയൊന്നും സ്ത്രീകളുടെ മുന്നേറ്റം കാണാനായില്ല. എന്നാൽ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പ് കാണിക്കുന്നത് സ്ത്രികളുടെ വലിയ മുന്നേറ്റത്തെയാണ്. 16 മെമ്പർമാരുടെ 8 പേരും വനിതകളാണ് എന്നുള്ളത് വരും കാലത്ത് സ്ത്രി ജന ക്ഷേമത്തിനും ശിശു വികസന ക്ഷേമത്തിനും നാന്ദിയാകുമെന്ന് പ്രത്യാശിക്കാവുന്നതാണ്.

പഞ്ചായത്തിൽ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രി സമൂഹത്തിന് ഉണർവുണ്ടാക്കുന്നതിൽ കുടുംബശ്രീ സംവിധാനം വഹിച്ച പങ്ക് വലുതാണ്. അംഗനവാടികൾ വഴിയും-ഗർഭിണികൾ,കുമാരികൾ എന്നിവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ, പോഷക-ഔഷധങ്ങൾ സ്ത്രികളുടെ നില ഉയർത്തിയിട്ടുണ്ട്.

മഹിളാലയം പദ്ധതി സ്ത്രികളുടെയും കുട്ടികളുടെയും ക്ഷേമത്തിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങളും കുടുംബശ്രീ, സി.ഡി.എസ്. ഘടകങ്ങളുടെ ഇടപ്പെടൽ സാധ്യതകളും സംരഭങ്ങളും കൈകോർത്താണ് ഇത് നടപ്പാക്കുന്നത്.

നിർമാണ ഉല്പന്ന യൂണിറ്റുകൾ, അലങ്കാര മത്സ്യം, കൂൺ, മുയൽ, തുടങ്ങിയ കൃഷികൾക്ക് തൊഴിൽ സംരംഭങ്ങളിൽ മുൻഗണന, ജെന്റർ സർവ്വെ തുടങ്ങിയ അടിസ്ഥാന മാറ്റങ്ങളുണ്ടാക്കാവുന്ന പദ്ധതികൾ ന ടപ്പിലാക്കും.

അംഗനവാടികളുടെ നിലവാരം വർദ്ധിപ്പിക്കും, പോഷകഹാരവും വിനോദോപകരണവും ഉറപ്പ് വരുത്തും, മാതൃശിശു കലോത്സവങ്ങൾ, ഓട്ടിസം സെന്റർ വിപുലികരണം എന്നിങ്ങനെ കുഞ്ഞുങ്ങൾക്കായും പദ്ധതികളാവിഷ്കരിക്കും.

ചെറുകിട പദ്ധതികൾ കൃത്യമായ മേൽ നോട്ടമില്ലാതെയോ സാങ്കേതിക തകരാറുകൾ വരുമ്പോൾ പരിഹരിക്കാതെയോ നിശ്ചലമാകുന്നു. വൻകിട പദ്ധതികൾക്കാണെങ്കിൽ ജലം പമ്പ് ചെയ്തോ ഉയരം കൂടുതൽ കാരണമോ ആവശ്യമുള പ്രദേശങ്ങളിൽ ലഭ്യമാവാത്ത സാഹചര്യവുമുണ്ട്.

ഈ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കത്തവിധമുള്ള ഐലാക്കോട് പദ്ധതി വിപുലിക ണമാണം പൂർത്തിയായിട്ടുണ്ട്. വിവിധ പഞ്ചായത്ത് കിണറുകൾ വൃത്തിയാക്കി വിപുലപ്പെടുത്തി സംരക്ഷിക്കാൻ നടപടിയെടുക്കും. പഞ്ചായത്തിന്റെ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താൻ കിണർ റീചാർജിങ് പരമാവധി വീടുകളിൽ നടപ്പാക്കും. മെഗാ കുടിവെള്ള പദ്ധതിക്കായുള്ള നടപടികൾ പൂർത്തികരിക്കും. ജനപങ്കാളിത്തത്തോടെ

തണ്ണീർത്തടങ്ങളും ജലാശയങ്ങളും സംരക്ഷിക്കും.

ജലം ജീവന്റെ പ്രധാന കാരണമാണ്. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ജല സംരക്ഷണവും ജലത്തിന്റെ കരുതലോടെയുള്ള ഉപയോഗവും ബോധവൽകരണവും ജലസാക്ഷരത പ്രചരണവും പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

## കാർഷിക മേഖല

കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് കാർഷിക ഗ്രാമമാണ്. 29.81 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 2000 ഹെക്ടർ കാർഷിക യോഗ്യമാണ്. ചാലിയാർ, ഇരുവഴിഞ്ഞിപ്പുഴകളോട് ചേർന്ന് കിടക്കുന്ന സമതലപ്രദേശവും കിഴക്ക് വടക്കായുള്ള കുടിയോറ്റ മേഖലയായ മലയോരപ്രദേശവുമാണ് ഈ ഗ്രാമത്തിന്റെ പ്രധാന ഭൂമേഖല.

ആദ്യകാലത്ത് നെൽകൃഷിക്കായിരുന്നു മുന്തിയ പരിഗണന. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ്. ചുരുക്കം ചിലയിടങ്ങളിൽ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. രണ്ടാം ലോക മഹായുദ്ധകാലത്ത് ഭക്ഷ്യ ക്ഷാമം നേരിട്ട സമയത്ത് 13% നെൽകൃഷിയുണ്ടായത് ജനകീയാസൂത്രണത്തിന്റെ തുടക്ക കാലത്ത് 4%മായി ചുരുങ്ങി. ഇന്നിപ്പോൾ തെങ്ങാണ് ഗ്രാമപഞ്ചായത്തിലെ മുഖ്യ കൃഷി. 1310 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. 48 ഹെക്ടർ സ്ഥലം മാത്രമാണ് നെൽകൃഷിക്കുള്ളത്. മലയോരമേഖലയിൽ റബറും മറ്റും കൃഷി ചെയ്യുന്നു. കുടിയേറ്റ കാലത്ത് തെരുവപ്പുല്ലും രാമച്ചവും വരുമാനം നേടിത്തന്ന കൃഷികളായിരുന്നു. പിൽകാലത്ത് കുരുമുളകിനായിരുന്നു പ്രാധാന്യം. ക്രമേണ അതും കുറഞ്ഞു വന്നു. ഇഞ്ചി, മഞ്ഞൾ, കമുക് തുടങ്ങിയവയും കൃഷി ചെയ്യുന്നു.

ജലസേചനത്തിന് മാർഗ്ഗങ്ങളില്ലാതാവുക, വിലത്തകർച്ച, തൊഴിലാളി പ്രശ്നങ്ങൾ, പുഴകളിൽ പഴയ കാലത്തെപോലെ ജലസമ്പത്തില്ല, മഴവെള്ളത്തെ സംഭരിക്കാനാവശ്യമായ സംവിധാനമില്ല, പ്രകൃതി ക്ഷോഭം, രോഗങ്ങൾ, കീട ആക്രമണം തുടങ്ങി കാർഷിക മേഖല ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

കൃഷിയോട് പൊതുസമൂഹത്തിനാകെയുള്ള മനോഭാവം മാറ്റിയെടുക്കുക, നിലവിലുള്ള കൃഷിഭൂഭാഗത്തിന്റെ ഇരട്ടിയെങ്കിലും സ്ഥലത്തേക്ക് കൃഷി വർദ്ധിപ്പിക്കുക, കൃഷിക്കാരന്റെയും കർഷക തൊഴിലാളിയുടെയും സാമൂഹ്യ നില ഉയർത്തുക, പുതിയ തലമുറയെ പങ്കാളികളാക്കിക്കൊണ്ട് കാർഷിക തൽപര മനോഭാവം വളർത്തുക. വികസിത കൃഷി വീട്ടുമുറ്റകൃഷി എന്നിവ വൻപ്രോത്സാഹനം നൽകുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് ഈ ഭരണസമിതി പദ്ധതികളെ വിഭാവനം ചെയ്യുന്നത്.

## മൃഗസംരക്ഷണം ക്ഷീരവികസനം

ജനകീയാസൂത്രണ തുടക്കകാലത്ത് പഞ്ചായത്തിൽ ആട്,പശു എന്നിവയായിരുന്നു പ്രധാന വളർത്തു മൃഗങ്ങൾ. എരുമ, കാള, മുയൽ, പന്നി എന്നിവയും ചേർത്ത് 4100 കന്നുകാലികളുണ്ടായിരുന്നു. അഥവാ കൃഷിക്കും അല്ലാതെയുമായി 48% വീടുകളിലും മൃഗസംരക്ഷണമുണ്ടായിരുന്നു. കോഴികളെ 82% വീടുകളിലും വളർത്തിയിരുന്നു. 1996 ലെ സർവ്വെ പ്രകാരം 3462 ലിറ്റർ പാൽ 2 പാൽ സൊസൈറ്റികളിൽ നിന്നായി സംഭരിച്ചിരുന്നു. ഇന്നത് 3 പാൽ സൊസൈറ്റികളായി വർദ്ധിച്ചിട്ടുണ്ട്. 500 ലധികം ക്ഷീര കർഷകരുമുണ്ട്. പ്രതിദിനം 1000 ലിറ്റർ പാലുൽപാദനം നടക്കുന്നുണ്ട്. പക്ഷേ ക്ഷീര സ്വയം പര്യാപ്തത കൈവരിക്കാനാവശ്യമായ അളവിലേക്ക് ഇതിന്റെ പതിന്മടങ്ങ് പാൽ ആവശ്യമുണ്ട്. പലപ്പോഴും വളർത്തു മൃഗങ്ങളുമായുള്ള ഒരു മാനസിക ബന്ധം കൊണ്ടു മാത്രമാണ് പലരും ഇന്നീരംഗത്ത് തുടരുന്നത്. കടുത്ത സാമ്പത്തിക അരക്ഷിതാവസ്ഥ നിലനിൽക്കുന്നുണ്ട്. ആ നില മാറ്റിയെടുക്കാനും ക്ഷീര കർഷർക്ക് മതിയായ വേതനം ലഭിക്കാനും തീറ്റ, മരുന്ന് എന്നിവ യഥാസമയം ലഭിക്കാനുമുള്ള ബൃഹദ് പദ്ധതികൾ സമിതി വിഭാവനം ചെയ്തിട്ടുണ്ട്.

രോഗങ്ങൾ, കാലിത്തീറ്റ വിലവർദ്ധനവും ലഭ്യതക്കുറവും, പാൽ ഉൽപാദനശേഷി കുറഞ്ഞ പശുക്കൾ തുടങ്ങിയവയും ഈ മേഖലയിലെ പ്രതിസന്ധികളാണ്. ഇതെല്ലാം മറികടന്ന് ഗ്രാമപഞ്ചായത്തിന് ക്ഷീരസ്വയം പര്യാപ്തത കൈവരിക്കാനാവശ്യമായ തീറ്റപ്പുൽകൃഷി, കാലിത്തീറ്റക്ക് സബ്സിഡിയും ലഭ്യതയും, ഉൽപാദന ശേഷികൂടിയ പശുക്കളെ ലഭ്യമാക്കൽ, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം - വിതരണം, കർഷകർക്ക് പ്രോത്സാഹനവും അംഗീകാരവും തുടങ്ങിയ പദ്ധതികളും ആട് വളർത്തൽ, കോഴി വളർത്തൽ, കാട വളർത്തൽ

തുടങ്ങിയ ഗാർഹിക കൃഷി രീതികൾക്ക് പ്രോത്സാഹനവും ക്ഷീര ഗ്രാമം, ആട് ഗ്രാമം പദ്ധതികൾ ലക്ഷ്യമിടുന്നുണ്ട്. കുടുംബശ്രീയേയും സ്വയം സഹായ സംഘങ്ങളേയും അയൽകൂട്ട സംവിധാനങ്ങളെയും മൃഗാശുപത്രിയോടൊപ്പം ഈ രംഗത്ത് കണ്ണി ചേർക്കാനും പദ്ധതികളുണ്ട്.

# ശുചിത്വാരോഗ്യ പദ്ധതി

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദഗ്ദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഗുരുതര രോഗം ബാധിച്ചവരെ തോണിയിൽ കയറ്റി ഫറോക്കിലേക്കോ, കരമാർഗ്ഗം മെഡിക്കൽ കോളേജിലോ എത്തിക്കലായിരുന്നു രീതി. 1972 ലാണ് ഗവ. റൂറൽ ഡിസ്പെൻസറി (ഇന്നത്തെ മാക്കൽ ആശുപത്രി) സ്ഥാപിതമാകുന്നത്. 1975 ൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഒ.പി. ബ്ലോക്കും 1983 ൽ 10 ബെഡുകളുള്ള അഡ്മിഷൻ ബ്ലോക്കും നിർമ്മിച്ചു. 1983 ൽ ചെറുവാടിയിലും പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിതമായി. പിന്നീട് മൂന്ന് ആരോഗ്യ ഉപകേന്ദ്രങ്ങളും ആരംഭിച്ചു. ഇന്നിപ്പോൾ ഇവയ്ക്കു പുറമെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയും ആയുർവ്വേദ ആശുപത്രിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒപ്പം ഉപകേന്ദ്രങ്ങൾ അഞ്ചായി വർദ്ധിച്ചു. മുതപ്പറമ്പിൽ ആയുർവ്വേദ ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. ഇതെല്ലാമുണ്ടെങ്കിലും മഴക്കാലമായാൽ പനിച്ചും വിറച്ചും ജനങ്ങൾ പൊറുതിമുട്ടുന്നു. ജീവിതശൈലീ രോഗങ്ങളാലും കിടത്തി ചികിത്സക്കും മറ്റുപ്രദേശങ്ങളിലേക്കോ സ്വകാര്യ സ്ഥാപനങ്ങളെയോ ആശ്രയിക്കേണ്ട ഗതികേടിലാണുള്ളത്.

മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതും പൊതുജന ബോധവത്കരണത്തിന്റെ അപര്യാപ്തതയും, ജീവിത ശൈലീ മാറ്റങ്ങളുമൊക്കെ പഞ്ചായത്തിലെ രോഗാതുരതയ്ക്ക് കാരണങ്ങളാണ്.

മുഴുവൻ ജനങ്ങൾക്കും ആരോഗ്യം, ശുചിത്വപൂർണ്ണമായ ജീവിതം എന്നതാണ് ഭരണസമിതി മുന്നോട്ടു വെക്കുന്ന ആശയം. ആ ലക്ഷ്യം നിറവേറ്റാനായി സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കും.

മഴക്കാല പൂർവ്വ ശുചീകരണ യജ്ഞം, ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി ബോധവൽകരണം, പ്രമേഹ രോഗികൾക്ക് സൗജന്യ ഇൻസുലിൻ, സ്നേഹ സ്പർശം ഡയാലിസിസ്, പകർച്ച വ്യാധി, മയക്കുമരുന്ന് എന്നിവയ്ക്കെതിരായ ബോധവൽക്കരണ പരിപാടികൾ തുടങ്ങി ബൃഹത്തായ കർമ്മ പരിപാടികൾ ഈ ഭരണ സമിതി നടപ്പാക്കും.

മാലിന്യ നിർമ്മാർജ്ജന രംഗത്ത് ഗ്രാമ പഞ്ചായത്ത് മികച്ചപ്രവർത്തങ്ങൾ നടപ്പിറക്കി വരുന്നു എം സി എഫ് സ്ഥാപിക്കുന്നതിന്ന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ സ്ഥലം ലീസിനെടുത്തു അവിടെ എം സി എഫ് സ്ഥാപിക്കുകയും അവിടെ വെയിങ് മിഷീൻ സീ സീ ടി വി എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെഗ്രാമ പഞ്ചായത്തിലെ പതിനാറു വാർഡുകളിലും മിനി എം സി എഫും ഇരുപതോളം ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഹരിത കർമസേന മികച്ചരീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കുന്നു.

# ശുദ്ധജലം ഉറവ പദ്ധതി

മൂന്ന് പുഴകൾ പഞ്ചായത്തിന് സമീപമുണ്ടെങ്കിലും കുടിവെള്ളം എന്നത് ചില പ്രദേശങ്ങളിൽ ഇന്നും കിട്ടാകനിയാണ്. ചില പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികളിൽ അശുദ്ധ ജലമാണ് ലഭിക്കുന്നതെന്ന പ്രശ്നവും നിലനിൽക്കുന്നു. ആദ്യ കാലത്ത് സ്ഥാപിച്ചിരുന്ന കുഴൽ കിണറുകളെല്ലാം ഇന്ന് നശിച്ചോ ജലമില്ലാതെയോ ഉള്ള അവസ്ഥയിലാണ്. കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഐലാക്കോട് കുടിവെള്ള പദ്ധതിയാണ് പഞ്ചായത്തിലെ ഒരു പ്രധാന ശുദ്ധജല സ്രോതസ്സ്. വാട്ടർ അതോറിറ്റിയും ചില ഭാഗങ്ങളിൽ ജല വിതരണം നടത്തുന്നുണ്ട്. പഞ്ചായത്ത് രേഖകളിൽ 21 ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ച് കാണാമെങ്കിലും അതിൽ കുറച്ച് എണ്ണം മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. പ്രധാനപ്പെട്ട മൂന്ന് കുടിവെള്ള പദ്ധതികൾ ഇവയാണ്.

1. കൊടിയത്തൂർ ശുദ്ധജല പദ്ധതി (KWA-)
2. ഐലാക്കോട് കുടിവെള്ള പദ്ധതി (NC/PC-)
3. തരിയോട് മാടാമ്പി പദ്ധതി (NC/PC-)

## സമഗ്രപരിപാടികളും സംയോജനസാധ്യതകളും

കാർഷിക മേഖലയിലെ പദ്ധതികൾ വിദ്യഭ്യാസ മേഖലയിലെ പദ്ധതികൾ പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷന്റെ പ്രവർത്തികളുമായും, ആരോഗ്യ സംരക്ഷണ പരിപാടികൾ ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായും സമുന്നയിപ്പിച്ചാണ് പദ്ധതികൾ തയ്യാറാക്കിയത്.

## മോണിറ്ററിംഗ്

13 വർക്കിംഗ് ഗ്രൂപ്പുകളും ഇതോടെ മോണിറ്ററിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുന്നതാണ്. പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടത് പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികളാണ്. മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിക്കും തുക ചിലവഴിക്കുന്നത്. മോണിറ്ററിംഗ് കമ്മിറ്റികളുടെ മേൽ നോട്ടം എല്ലാപദ്ധതികളിലും ഉണ്ടാവേണ്ടതാണ്.

# 2025 – 26 വിഭവ വകയിരുത്തൽ

| വിഭവ സ്രോതസ്സുകൾ | വകയിരുത്തിയ തുക |
|---|---|
| വികസന ഫണ്ട് | 24686920 |
| എസ്സ്.സി.പി | 5030400 |
| ടി.എസ്സ്.പി | |
| ധനകാര്യ കമ്മീഷൻ | 9010000 |
| ലോകബാങ്ക് വിഹിതം | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8670000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 11092000 |
| തനത് ഫണ്ട് | 8961560 |
| കേന്ദ്രാവിഷ്കൃതം | 2500000 |
| സംസ്ഥാനാവിഷ്കൃതം | 10000000 |
| ബ്ലോക്ക് പഞ്ചായത്ത് | 5335850 |
| ജില്ലാ പഞ്ചായത്ത് | 4900000 |
| മറ്റുള്ളവ | 13916559 |
| **ആകെ** | 104103289 |

## പതിനാലാം പഞ്ച വത്സര പദ്ധതി
## 2025-26 അന്തിമ പദ്ധതി രേഖ

| സീ. നം. | പ്രൊജക്ട് പേര് | പ്ലാൻ ജനറൽ | പ്രത്യേക ഘടക പദ്ധതി | ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാനം | കേന്ദ്രാവിഷ്കൃത ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മെയ്ൻറനൻസ് ഗ്രാൻറ് റോഡിതരം | മെയ്ൻറനൻസ് ഗ്രാൻറ് റോഡ് | മറ്റ് ഫണ്ടുകൾ | ആകെ ഫണ്ട് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഡോക്ടർ പാരാമെഡിക്കൽ സ്റ്റാഫ് വേതനം | 153700 | 0 | 0 | 0 | 0 | 546300 | 0 | 0 | 0 | 0 | 0 | 700000 |
| 2 | അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 3 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 50000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 4 | ക്യാൻസർ കെയർ സൊസൈറ്റി | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 5 | കൊടിയത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 6 | പാലിയേറ്റീവ് പരിചരണം | 1350000 | 0 | 0 | 0 | 0 | 0 | 281250 | 0 | 0 | 0 | 0 | 1631250 |
| 7 | മുണ്ടോട്ടുകുളങ്ങര വെറ്ററിനറി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 8 | തോട്ടുമുക്കം വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 0 | 350000 |
| 9 | അടുക്കള മുറ്റത്തെ മുട്ടക്കോഴി | 399600 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 33300 | 432900 |
| 10 | ധാതു ലവണ മിശ്രിതവും വിര മരുന്നും നൽകൽ | 249600 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 249600 |
| 11 | വെറ്ററിനറി ദിസ്പന്സരികളിലെക്കുള്ള കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120000 | 0 | 0 | 120000 |
| 12 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 2634000 | 0 | 400000 | 2500000 | 0 | 0 | 0 | 0 | 0 | 0 | 0 | 5534000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 13 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം പകർച്ചവ്യാധി പ്രതിരോധ കുത്തിവെപ്പ് വാഹനവാടക | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 14 | ലാബ് ടെക്നീഷ്യൻ വേതനം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 15 | വനിതകൾക്കുള്ള മെൻസ്ട്രൽ കപ്പ് വിതരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 16 | പോഷകാഹാരത്തെക്കുറിച്ചുള്ള ഐ ഇ സി മെറ്റീരിയലുകൾ | 0 | 0 | 3000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000 |
| 17 | രക്ത പരിശോധനാ ക്യാമ്പ് | 0 | 0 | 22000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 22000 |
| 18 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 2630000 | 0 | 0 | 0 | 7500000 | 0 | 2000000 | 2370000 | 0 | 0 | 5000000 | 19500000 |
| 19 | ലോക ടി ബി ദിനാചരണം | 0 | 0 | 2250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2250 |
| 20 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2000000 | 0 | 0 | 0 | 0 | 0 | 960000 | 320000 | 0 | 0 | 0 | 3280000 |
| 21 | ലൈഫ് ഭവന നിർമ്മാണം-എസ് സി | 0 | 500000 | 0 | 0 | 2500000 | 0 | 1000000 | 1000000 | 0 | 0 | 5000000 | 10000000 |
| 22 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ഹോണറേറിയം നൽകൽ | 204000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 204000 |
| 23 | ഇ ഹെൽത്ത് | 75000 | 0 | 0 | 0 | 0 | 75000 | 0 | 0 | 0 | 0 | 0 | 150000 |
| 24 | അങ്കണവാടി സ്പെഷ്യൽ എജ്യുക്കേറ്റർക്ക് ഓണറേറിയം | 180000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 180000 |
| 25 | ഭിന്നശേഷി വിദ്യാർത്ഥികളുടെ കലാമേള | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 26 | പഞ്ചായത്ത്തല വയോജനസംഗമം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 27 | അംഗൻവാടി കലോൽസവം | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 28 | കുടുംബാരോഗ്യകേന്ദ്രം കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 29 | സി ഡി എം സി ജീവനക്കാർക്കുള്ള ഹോണറേറിയം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 30 | ഐ സി ഡി എസ്സ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 31 | ഭിന്ന ശേഷി സഹായ ഉപകരണങ്ങൾ വാങ്ങൽ | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 32 | പഞ്ചായത്ത് ഓഫിസിലേക്ക് ഇലക്ട്രിക് സ്കൂട്ടർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 175000 | 0 | 0 | 0 | 0 | 0 | 175000 |
| 33 | അംഗനവാടികളുടെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 0 | 0 | 25000 |
| 34 | അംഗൻവാടികളിലേക്കു വെയിങ് മെഷീൻ വാങ്ങൽ | 0 | 0 | 52000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 52000 |
| 35 | പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും | 100000 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 300000 |
| 36 | വീട് വാസയോഗ്യമാക്കല്‍-ജനറൽ | 1600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1600000 |
| 37 | വീട് വാസയോഗ്യമാക്കല്‍-എസ് സി | 0 | 1600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1600000 |
| 38 | പഞ്ചായത്ത ഓഫിസിലേക്ക കമ്പ്യൂട്ടർ പ്രിൻറർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 150000 | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 39 | വയോജങ്ങൾക്ക് കട്ടിൽ | 400200 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400200 |
| 40 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 41 | കാഴ്ച്ച പരിമിതിയുള്ളവർക്ക് ലാപ്ടോപ്പ് നൽകൽ | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 42 | കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 43 | നെൽകൃഷി വികസനം | 398300 | 0 | 0 | 0 | 0 | 0 | 210000 | 0 | 0 | 0 | 0 | 853300 |
| 44 | ഇടവിള കൃഷി പ്രോത്സാഹനം | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 45 | കൂൺ കൃഷി വനിതകൾക്ക് | 112500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 168750 | 281250 |
| 46 | നാളികേര കൃഷി വികസനം | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 516666 | 1516666 |
| 47 | വാഴകൃഷി പ്രോത്സാഹനം | 400200 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 286810 | 687010 |
| 48 | കൃഷിഭവൻ കണ്ടിൻജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 49 | ക്രഡിൽ അംഗൻവാടി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 50 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | 0 | 0 | 1163000 | 0 | 0 | 0 | 0 | 0 | 0 | 0 | 129223 | 1292223 |
| 51 | വനിത കലാമേള | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 52 | സോളാർ ഫെൻസിങ് | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 1000000 |
| 53 | പോഷകാഹാരക്യാമ്പയിൻ | 0 | 0 | 2500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2500 |
| 54 | ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും നിരീക്ഷണം | 0 | 0 | 5000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 5000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 55 | റിജക്റ്റ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് തുക നൽകൽ | 0 | 0 | 400000 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 600000 |
| 56 | അഗതിആശ്രയഅതിദരിദ്ര കുടുംബങ്ങളുടെ ഹരിതകർമ്മസേന യൂസർഫീ നൽകൽ | 60000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 |
| 57 | പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 840000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 840000 |
| 58 | കുട്ടികളുടെ ആരോഗ്യത്തെ കുറിച്ചുള്ള ചുമർച്ചിത്ര പ്രദർശനം | 0 | 0 | 3000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000 |
| 59 | ഹെൽത്തി ബേബി ഷോ | 0 | 0 | 1800 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1800 |
| 60 | വീടുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി ചാക്ക് നൽകൽ | 0 | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 61 | ടി ബി സന്ദേശങ്ങളുടെ പ്രചാരണം | 0 | 0 | 790 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 790 |
| 62 | പരമ്പരാഗത കൈതൊഴിലുകളുടെ വനിതാ ഗ്രൂപ്പ് സംരംഭത്തിന് പ്രോത്സാഹനം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 135000 | 235000 |
| 63 | വനിതകൾക്ക് സ്വയം തൊഴിൽ സഹായം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 135000 | 235000 |
| 64 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 135000 | 235000 |
| 65 | ആയുർവേദ ഡിസ്പെൻസറിക്കു മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 66 | വനിതകൾക്ക് യോഗ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 67 | ആയുർവേദ ആശുപത്രി കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 68 | യോഗ ഡേ ആചരിക്കൽ | 0 | 0 | 2500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2500 |
| 69 | ആയുർവേദ സബ്സെന്ററിലേക്ക ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങൽ | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 70 | വേനൽക്കാല കുടിവെള്ള വിതരണം | 300000 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 500000 |
| 71 | ഔഷധസസ്യ കൃഷി പ്രോത്സാഹനം | 80000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 | 240000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 72 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 350000 | 0 | 0 | 0 | 0 | 0 | 300000 | 200000 | 0 | 0 | 0 | 850000 |
| 73 | കാലിത്തീറ്റ സബ്സിഡി | 350000 | 0 | 0 | 0 | 0 | 0 | 300000 | 200000 | 0 | 0 | 850000 | 1700000 |
| 74 | എ ഇ ഓഫിസിലേക്ക് വാഹനം വാടക എടുക്കൽ | 0 | 0 | 0 | 0 | 0 | 432000 | 0 | 0 | 0 | 0 | 0 | 432000 |
| 75 | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എഎംസി നല്കൽ | 15000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15000 |
| 76 | സ്നേഹസ്പർശം പദ്ധതിക്ക് തുക കൈമാറൽ | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 77 | വിവിധ അംഗൻവാടികളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 2000000 |
| 78 | പ്രൊജക്ട് അസിസ്റ്റൻറ് ടെക്നിക്കൽ അസിസ്റ്റൻറ് വേതനം | 0 | 0 | 89160 | 0 | 0 | 550260 | 0 | 0 | 0 | 0 | 0 | 639420 |
| 79 | ഐകെഎം വിഹിതം നല്കൽ | 0 | 0 | 90000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 90000 |
| 80 | വിവിധ സ്കൂളുകളുടെ പെയിൻറിംഗ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 81 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 82 | എസ്എസ്കെ വിഹിതം കൈമാറൽ | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 83 | വിവിധ ലൈബ്രറികളിലേക്ക പുസ്തകങ്ങളും ഫർണിച്ചറുകളും വാങ്ങൽ | 0 | 0 | 200000 | 0 | 0 | 10000 | 0 | 0 | 0 | 0 | 0 | 210000 |
| 84 | പൊറ്റമ്മൽ ഗ്രൗണ്ട് മതിൽ കെട്ടൽ | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 500000 | 1000000 |
| 85 | എരഞ്ഞിമാവ് സബ് സെന്റർ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 86 | വിവിധ കോളനികളുടെ നവീകരണം | 0 | 955000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 955000 |
| 87 | തോട്ടുമുക്കം സബസെനറർ ചുറ്റുമതിൽ അനുബന്ധ പ്രവർത്തികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 88 | പന്നിക്കോട് ജി എൽ പി സ്കൂൾ ടോയ്ലറ്റ് | 0 | 0 | 360000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 360000 |
| 89 | അഗ്രോഫാർമസി | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 90 | മുണ്ടോട്ടു കുളങ്ങര ചേലോട്ട് പറമ്പ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 91 | ചെറുകുന്ന പുറായിൽ എ പി അഷ്റഫ് സ്മാരക റോഡ് നിർമ്മാണം | 185000 | 0 | 0 | 0 | 0 | 115000 | 0 | 0 | 0 | 0 | 0 | 300000 |
| 92 | മൈസൂർപറ്റ അംഗൻവാടി റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 93 | കണ്ടംപറമ്പ് കള്ളടികുന്ന് മുപ്പരിച്ചാൽ റോഡ് കൈവരി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 94 | കുളങ്ങരകിഴകെകണ്ടി റോഡ് നിർമ്മാണം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 95 | റോഡുകളുടെ പ്രവർത്തികൾക്ക് അധിക തുക നൽകൽ | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 200000 |
| 96 | അയുർവേദ്ദ ഡിസ്പെൻസറിയിലേക്ക് മോട്ടോർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 97 | കുറ്റികുരുമുളക് തൈ വിതരണം | 281250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 93750 | 375000 |
| 98 | പച്ചക്കറി കൃഷി പ്രോത്സാഹനം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 81250 | 381250 |
| 99 | ഗ്രൂപ്പ് കൃഷി വനിതകൾക്ക് | 229310 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 229310 | 458620 |
| 100 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എ എം സി | 300000 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 500000 |
| 101 | വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ | 0 | 0 | 490000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 490000 |
| 102 | എൽ പി സ്കൂൾ കായിക മേള | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 0 | 0 | 0 | 30000 |
| 103 | സർക്കാർ എൽപി യുപി സ്കൂളുകൾക്ക് ഫർണിച്ചർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 104 | വിവിധ ലൈബ്രറികളുടെ ഡിജിറ്റലൈസേഷൻ | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 105 | ഉന്നതി സമഗ്ര വിദ്യാഭ്യാസ പദ്ധതി | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 106 | മവായി എടത്തുപറമ്പ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 107 | ഗവപ്രൈമറി സ്കൂളുകളിൽ എഐ ലാബ് | 363260 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 363260 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 108 | ഗവഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 109 | ഹോമിയോ ആശുപത്രിയിലെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 0 | 0 | 25000 |
| 110 | ഗവഹോമിയോ ആശുപത്രിയിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 111 | വെളുത്തേടത് കുളങ്ങര റോഡ് - എരഞ്ഞിമാവ് ചീനിക്കണ്ടി റോഡ്- എന്നി റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 112 | കോട്ടമ്മൽ കുയ്യിൽ റോഡ - കരകുറ്റി പി ടി എം ഹൈ സ്കൂൾ എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 113 | എടകണ്ടി ജുമാഹത്ത പള്ളി മളിയ തറക്കൽ റോഡ് നിർമ്മാണം | 185000 | 0 | 0 | 0 | 0 | 115000 | 0 | 0 | 0 | 0 | 0 | 300000 |
| 114 | എടപ്പറ്റ നയിപ്പൊറ്റ റോഡ - പൊലുകുന്നു മുള്ളൻമട എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 115 | കൊളായി പോയിൽ കൊടിയത്തൂർ പാടം റോഡ് - താളത്തിൽ അങ്ങാടിപോയിൽ എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 116 | കൊതയംച്ചാൽ അസ്ലംമുസ്ലിയാർ റോഡ് നിർമ്മാണം | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 200000 |
| 117 | ഐടി അടിസ്ഥാന ടെക്നോളജി ഇൻകുബേസൻ സെൻറർ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 118 | പൊലുകുന്നു ചെറിയ കോളനി റോഡ് നിർമ്മാണം | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 119 | കാളരാളിപ്പറമ്പ് ആശാരിത്തൊടി റോഡ് നിർമ്മാണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 120 | മുതുപറമ്പ് അദാടിക്കുന്ന് പഴംപറമ്പ് റോഡ് - കാരാളിപ്പറമ്പ് ഇരുപ്പയിൽ റോഡ് എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 121 | മലംകുണ്ട് സ്കൂൾപടി നടപാത നിർമ്മാണം | 185000 | 0 | 0 | 0 | 0 | 65000 | 0 | 0 | 0 | 0 | 0 | 250000 |
| 122 | പൂവത്തിക്കണ്ടി മേലെ പൂവ്വത്തിക്കണ്ടി പഴംപറമ്പ് റോഡ് നിർമ്മാണം | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 123 | അദാടിക്കുന്ന് പഴംപറമ്പ് റോഡ് നിർമ്മാണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 124 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 1200400 | 0 | 0 | 0 | 0 | 284600 | 0 | 0 | 0 | 0 | 1485000 |
| 125 | പുതിയോട്ടിൽ ആലുംകണ്ടി സി എച്ച് സി റോഡ്-പൊറ്റമ്മൽ പരപ്പിൽ മുള്ളമട -പൊട്ടമ്മൽ എലിയങ്ങോട്ട് എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 126 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം | 0 | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 62500 | 312500 |
| 127 | മാടാമ്പി അമ്പലം കുറ്റിത്തുമ്മൽ റോഡ-കുന്നേൽ റോഡ്-മാവിൻ ചുവട് മേലറക്കൽ റോഡ് - മേടരഞ്ഞി കുന്നുംപുറം എന്നീ റോഡുകളുടെ നിർമ്മാണം | 250000 | 0 | 0 | 0 | 0 | 250000 | 0 | 0 | 0 | 0 | 0 | 500000 |
| 128 | കേരളോത്സവം | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 129 | മാടമ്പി പനച്ചാംപൊയിൽ റോഡ-പള്ളിതഴം കൈതപോയിൽ എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 130 | എസ്സി വിദ്യാർത്ഥികൾക്ക് മേശ കസേര | 0 | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 131 | സി എച്ച് സി മൂലയിൽ റോഡ് - ചേറ്റൂർ നെച്ചിക്കാട്ട് ചാലിക്കുളം എന്നീ റോഡുകളുടെ നിർമ്മാണം | 165000 | 0 | 0 | 0 | 0 | 185000 | 0 | 0 | 0 | 0 | 0 | 350000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 132 | ചെറുവാടി താഴത്തും മുറി റോഡ് -തലവൻതാഴ്ത് പഴംപറമ്പ് റോഡ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 133 | തെഞ്ചേരിപറമ്പ് പൈപ്പ് ലൈൻ അംഗൻവാടി റോഡ് -മുത്തോട് പുലൂരിമല എന്നീ റോഡുകളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 450000 | 0 | 450000 |
| 134 | അതിദരിദ്രർക്കും ക്ഷയ രോഗികൾക്കും ഭക്ഷ്യ കിറ്റ് വിതരണം | 0 | 0 | 100000 | 0 | 0 | 53000 | 0 | 0 | 0 | 0 | 0 | 153000 |
| 135 | മുത്തോട് മുതിര പൊയിൽ കെ ടി തോമസ് റോഡ് -മുത്തോട് മണ്ണനാം കുന്നിൽ എന്നീ റോഡുകളുടെ നിർമ്മാണം | 200000 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 400000 |
| 136 | ചാളക്കണ്ടി കെ ടി മഹമ്മൂദ് ഹാജി റോഡ് നിർമ്മാണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 137 | സൗത്ത് കൊടിയത്തൂർ കഴുത്തൂട്ടിപുറായിൽ ഇടവഴിക്കടവ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1842000 | 0 | 1842000 |
| 138 | ജി എൽ പി സ്കൂൾ കഴുത്തൂട്ടി പുറായി തൊട്ടിമ്മൽ റോഡ് - ചുള്ളിക്കാപറമ്പ് കീലത്ത് എന്നീ റോഡുകൾ നിർമ്മാണം | 185000 | 0 | 0 | 0 | 0 | 165000 | 0 | 0 | 0 | 0 | 0 | 350000 |
| 139 | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വിവാഹ ധനസഹായം | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 140 | ഒങ്ങുങ്ങൽ സമശാനം റോഡ സ്മശാനം അനുബന്ധ പ്രവർത്തികൾ | 250000 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 | 250000 | 0 | 1500000 |
| 141 | ചെട്ടിയാൻ തൊടിക അക്കരപ്പറമ്പിൽ റോഡ്- അക്കരപ്പറമ്പിൽ നാറ്റിക്കല്ലിങ്ങൽ റോഡ് -കമ്പളത് വെള്ളങ്ങോട്ടു പുതിയോട്ടിൽ എന്നീ റോഡ്കളുടെ നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |